28
2024
ജൂൺ
വെള്ളി
മിഥുനം 16

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.209 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-209 പേജ് 4. വില 2.00 രൂപ

02 പോളിടെക്നിക് ലാറ്ററൽ എൻട്രി സ്പോട്ട് അഡ്മിഷൻ ജൂലൈ 5 മുതൽ
03 ലോകത്തെ ഏറ്റവും വലിയ മൂന്നാമത്തെ ആഭ്യന്തര വ്യോമയാന വിപണിയായി ഇന്ത്യ
04 പകർച്ചവ്യാധി പ്രതിരോധം: പ്രത്യേക ആക്ഷൻ പ്ലാനുമായി ആരോഗ്യ വകുപ്പ്

# 70 വയസ് കഴിഞ്ഞ എല്ലാവർക്കും സൗജന്യ ആരോഗ്യ പരിരക്ഷ

## • പ്രഖ്യാപനവുമായി രാഷ്ട്രപതി



ന്യൂഡൽഹി: കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ ഭാരത് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ കീഴിൽ എഴുപത് വയസിനു മുകളിൽ പ്രായമുള്ള രാജ്യത്തെ എല്ലാ പൗരർക്കും ആരോഗ്യ പരിരക്ഷ ലഭ്യമാക്കുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു അറിയിച്ചു. പാർലമെന്റിന്റെ ഇരുസഭകളുടേയും സംയുക്ത യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

രാജ്യത്തുടനീളം 25,000 ജൻ ഔഷധി കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടികൾ ഊർജ്ജിതമായി പുരോഗമിക്കുകയാണെന്നും രാഷ്ട്രപതി വ്യക്തമാക്കി. ആയുഷ്മാൻ ഭാരത്പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനയുടെ സൗജന്യ ആരോഗ്യ സേവനങ്ങൾ രാജ്യത്തെ 55 കോടിയോളം ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടെന്നും അവർ കൂട്ടിച്ചേർത്തു.

ലോകത്തെ ഏറ്റവും വലിയ പൊതുജനനിക്ഷേപ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് ആയുഷ്മാൻ ഭാരത്പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന. ഓരോ കുടുംബത്തിനും പ്രതിവർഷം അഞ്ച് ലക്ഷം രൂപയുടെ ആരോഗ്യപരിരക്ഷ ലഭ്യമാക്കുന്നതാണ് പദ്ധതിയുടെ പ്രധാനലക്ഷ്യം. ഈ സേവനത്തിന്റെ ഗുണഫലം 12 കോടിയോളം കുടുംബങ്ങൾക്ക് ലഭിക്കും.



# നീറ്റ്,നെറ്റ് ക്രമക്കേട് ഉന്നയിക്കാൻ പ്രതിപക്ഷം

ന്യൂഡൽഹി: നീറ്റ്, നെറ്റ് ക്രമക്കേടിൽ പാർലമെന്റിൽ പ്രതിഷേധം ശക്തമാക്കാനൊരുങ്ങി ഇന്ത്യ സഖ്യം. വിഷയത്തിൽ ചർച്ച വേണമെന്ന് ഇന്ത്യ സഖ്യം വെള്ളിയാഴ്ച പാർലമെന്റിൽ ആവശ്യപ്പെടുമെന്നും ചർച്ചയ്ക്ക് തയ്യാറായില്ലെങ്കിൽ പാർലമെന്റിനകത്ത് വൻ പ്രതിഷേധത്തിന് തുടക്കമിടുമെന്നും അടുത്തവൃത്തങ്ങളെ ഉദ്ധരിച്ച് എഎൻഐ റിപ്പോർട്ട് ചെയ്യുന്നു.

ഇന്ത്യ സഖ്യത്തിലെ മുഴുവൻ പാർട്ടികളും അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകുമെന്നാണ് വിവരം. മല്ലികാർജുൻ ഖാർഗെയുടെ വീട്ടിൽ വെച്ച് ചേർന്ന ഇന്ത്യ സഖ്യ യോഗത്തിൽ വിവിധ വിഷയങ്ങൾ ചർച്ച ചെയ്തതായാണ് വിവരം. നീറ്റ് വിഷയത്തിൽ വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്രപ്രധാന്റെ രാജി ആവശ്യപ്പെടാനും നീക്കമുണ്ട്. അതേസമയം തിങ്കളാഴ്ച പാർലമെന്റിൽ വെച്ച് നടക്കുന്ന രാഷ്ട്രപതിയുടെ നന്ദിപ്രമേയ ചർച്ചയിൽപങ്കെടുക്കാൻ ഇന്ത്യ സഖ്യ നേതാക്കൾ തീരുമാനിച്ചിട്ടുണ്ട്.

ഇനിയും നാല് ദിവസം പാർലമെന്റ് സെഷന് ബാക്കിയുണ്ടെന്ന് അതിനുള്ളിൽ എന്തൊക്കെ സംഭവിക്കുമെന്ന് കാണാമെന്ന് കോൺഗ്രസ് നേതാവ് ജയ്റാം രമേശ് പറഞ്ഞു.

രാജ്യത്ത് പുകയുന്ന എല്ലാ പ്രശ്നങ്ങളും തങ്ങൾ ഉന്നയിക്കുമെന്ന് ശിവസേന ഉദ്ധവ് താക്കറെ വിഭാഗം എം.പി. പ്രിയങ്ക ചതുർവേദി പറഞ്ഞു. നീറ്റുമായി ബന്ധപ്പെട്ട് വെള്ളിയാഴ്ച പാർലമെന്റിൽ നോട്ടീസ് നൽകുമെന്ന് ഇന്ത്യ സഖ്യ യോഗത്തിന് ശേഷം ഡിഎംകെ എം.പി. ടി ശിവ പറഞ്ഞു.

നീറ്റ് വിഷയം അഗ്നിവീർ, തൊഴിലില്ലായ്മ, വിലക്കയറ്റം തുടങ്ങിയവിഷയത്തിൽ പാർലമെന്റിൽ ശബ്ദമുയർത്തും. പ്രതിപക്ഷം ഒറ്റക്കെട്ടാണ് രാഷ്ട്രീയ ലോക് താന്ത്രിക് പാർട്ടി നേതാവ് ഹനുമാൻ ബെനിവാൾ പറഞ്ഞു.

അതേസമയം,സ്പീക്കർ തിരഞ്ഞെടുപ്പിന് പിന്നാലെ ലോക്സഭയിൽ ഓം ബിർള നടത്തിയ പ്രസംഗം പ്രതിപക്ഷ പ്രതിഷേധത്തിനിടയാക്കിയിരുന്നു. 'അടിയന്തരാവസ്ഥയുടെ ഇരുണ്ട നാളുകളുടെ' 50ാം വാർഷികം പ്രമാണിച്ച് അദ്ദേഹം അംഗങ്ങളോട് രണ്ട് മിനിറ്റ് നിശബ്ദത പാലിക്കാൻ ആവശ്യപ്പെട്ട് പ്രമേയം അവതരിപ്പിച്ചതാണ് പ്രതിപക്ഷ പ്രതിഷേധത്തിനിടയാക്കിയത്. പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് സഭ നിർത്തിവെക്കേണ്ടി വന്നു. ഇതുമായി ബന്ധപ്പെട്ട് രാഹുൽ ഗാന്ധി അടക്കമുള്ള ഇന്ത്യ സഖ്യ നേതാക്കൾ പാർലമെന്റ് സെഷന് ശേഷം സ്പീക്കറുടെ ചേംബറിൽ ചെന്ന് അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തി. സ്പീക്കറുടെ പാർലമെന്റിനകത്തെ പ്രവൃത്തി കൃത്യമായ രാഷ്ട്രീയമെന്ന് രാഹുൽ ഗാന്ധി പറഞ്ഞു. ഇത് ഒഴിവാക്കാമായിരുന്നുവെന്നും രാഹുൽ പറഞ്ഞു.

# ഈ ശൈലി പറ്റില്ല; പോലീസിനോട് കോടതി

കൊച്ചി: കൊളോണിയൽ കാലഘട്ടത്തിലെ പെരുമാറ്റരീതി പോലീസ് മാറ്റണമെന്നു ഹൈക്കോടതി. പരിഷ്കൃത കാലഘട്ടത്തിലാണു പോലീസ് സേനയുള്ളതെന്ന് ഓർമിക്കണമെന്നും കോടതി പറഞ്ഞു.

ആലത്തൂരിൽ കോടതി ഉത്തരവുമായി പോലീസ് സ്റ്റേഷനിലെത്തിയ അഭിഭാഷകനോട് എസ്ഐ മോശമായി പെരുമാറിയ വിഷയം പരിഗണിക്കവെയായിരുന്നു കോടതിയുടെ പരാമർശം.

പോലീസ് ഉദ്യോഗസ്ഥർ പൊതുജനങ്ങളോടു മോശമായി പെരുമാറാൻ അനുവദിക്കരുതെന്ന് ഓൺലൈനായി ഹാജരായ സംസ്ഥാന പോലീസ് മേധാവിക്ക് ഹൈക്കോടതി നിർദേശം നൽകി.

പോലീസിൻറെ പെരുമാറ്റം സംബന്ധിച്ച് നിരവധി സർക്കുലർ ഇറക്കിയിട്ടും ഇത്തരം വീഴ്ചകൾ എന്തുകൊണ്ട് ഉണ്ടാകുന്നുവെന്ന് കോടതി ആരാഞ്ഞു.

പോലീസ് സ്റ്റേഷൻ എന്നു പറഞ്ഞാൽ ഭയം ഉളവാക്കുന്ന സ്ഥലമാകാൻ പാടില്ല. ഏതൊരു സർക്കാർ ഓഫീസ് പോലെ ഭയമില്ലാതെ ജനങ്ങൾക്കു കയറിച്ചെല്ലാനാകുന്ന അന്തരീക്ഷം ഉണ്ടാകണമെന്നും കോടതി പറഞ്ഞു.

പൊതുജനങ്ങളോട് മോശമായി പെരുമാറുന്നവർക്കതിരേ കർശന നടനടികൾ സ്വീകരിക്കുമെന്ന് ഡിജിപി ഉറപ്പ് നൽകി. ഹർജി അടുത്ത മാസം എട്ടിന് പരിഗണിക്കും.

# കൊല്ലത്ത് കെഎസ്ആർടിസി ബസും വാനും കൂട്ടിയിടിച്ചു; വാൻ ഡ്രൈവർ മരിച്ചു, നിരവധിപ്പേർക്ക് പരിക്ക്

കൊല്ലം: അഞ്ചലിൽ കെഎസ്ആർടിസി ബസും പിക് അപ്പ് വാനും കൂട്ടിയിടിച്ച് അപകടം. വാൻ ഡ്രൈവർ വെളിയം സ്വദേശി ഷിബു (37) മരിച്ചു. അഞ്ചൽ ആയൂർ റൂട്ടിലാണ് അപകടമുണ്ടായത്. മല്ലപ്പള്ളിയിൽ നിന്ന് തിരുവനന്തപുരത്തേക്ക് പോയ കെഎസ്ആർടിസി ഫാസ്റ്റ് പാസഞ്ചർ ബസാണ് വാനുമായി കൂട്ടിയിടിച്ചത്.

അപകടത്തിനു പിന്നാലെ ബസ് സമീപത്തെ കൈത്തോട്ടിലേക്ക് ഇടിച്ചു കയറി. അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ ഷിബുവിനെ ആശുപത്രിയിലെത്തിച്ചെങ്കിലും മരണം സംഭവിച്ചിരുന്നു.

പരിക്കേറ്റ യാത്രക്കാരെ വിവിധ ആശുപതികളിലേക്ക് മാറ്റി. വാനിലുണ്ടായിരുന്ന മറ്റൊരാൾക്കും സാരമായി പരിക്കേറ്റതായാണ് വിവരം.

# മഴക്കെടുതി: തദ്ദേശസ്വയംഭരണ വകുപ്പിൽ കൺട്രോൾ റൂം സജീവം

തിരുവനന്തപുരം : കേരളത്തിൽ മഴ കനത്ത സാഹചര്യത്തിൽ മഴക്കെടുതി വിവരങ്ങൾക്കായി തദ്ദേശസ്വയംഭരണ വകുപ്പിൽ കൺട്രോൾ റൂം സജീവമായി. 04712317214 ആണ് കൺട്രോൾ റൂം നമ്പർ. മഴയെ തുടർന്ന് ഉണ്ടായ മണ്ണിടിച്ചിൽ, വെള്ളക്കെട്ടുകൾ, മറ്റ് പ്രശ്നങ്ങൾ, പെട്ടെന്നുണ്ടാവുന്ന പകർച്ചവ്യാധികൾ തുടങ്ങിയവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ഈ നമ്പറിൽ വിളിച്ച് അറിയിക്കാം.

# സംസ്ഥാനത്ത് അഞ്ച് പുതിയ തീയേറ്റർ സമുച്ചയങ്ങൾ വരുന്നു

## നിലവിലെ തീയേറ്ററുകൾ ആധുനികസാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരിക്കും

സംസ്ഥാനത്ത് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് (കെ.എസ്.എഫ്.ഡി.സി.) കീഴിൽ പുതിയ അഞ്ച് തീയേറ്റർ സമുച്ചയങ്ങൾ ഉടൻ നിർമാണം പൂർത്തിയാക്കുമെന്ന് സാംസ്കാരികം, യുവജനകാര്യവകുപ്പ് മന്ത്രി സജി ചെറിയാൻ നിയമസഭയിൽ അറിയിച്ചു. എംഎൽഎമാരായ എം നൗഷാദ്, കടകംപള്ളി സുരേന്ദ്രൻ, കെ പ്രേംകുമാർ, പി വി ശ്രീനിജൻ എന്നിവരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയായിരുന്നു മന്ത്രി.

കിഫ്ബി സാമ്പത്തിക സഹായത്തോടെയാണ് തീയേറ്റർ സമുച്ചയങ്ങളുടെ നിർമാണം പുരോഗമിക്കുന്നത്. ആലപ്പുഴ ജില്ലയിൽ കായംകുളം മുനിസിപ്പാലിറ്റിയിൽ മൂന്ന് സ്ക്രീനുകൾ അടങ്ങുന്ന തീയേറ്റർ സമുച്ചയം, കോട്ടയം ജില്ലയിൽ വൈക്കം മുനിസിപ്പാലിറ്റിയിൽ രണ്ട് സ്ക്രീനുകൾ അടങ്ങുന്ന തീയേറ്റർ സമുച്ചയം, തൃശൂർ ജില്ലയിൽ അളഗപ്പനഗർ പഞ്ചായത്തിൽ രണ്ട് സ്ക്രീനുകൾ അടങ്ങുന്ന തീയേറ്റർ സമുച്ചയം, കണ്ണൂർ ജില്ലയിൽ പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ രണ്ട് സ്ക്രീനുകൾ അടങ്ങുന്ന തീയേറ്റർ സമുച്ചയം, കണ്ണൂർ ജില്ലയിൽ പായം പഞ്ചായത്തിൽ രണ്ട് സ്ക്രീനുകൾ അടങ്ങുന്ന തീയേറ്റർ സമുച്ചയം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണെന്ന് മന്ത്രി പറഞ്ഞു.മലപ്പുറം ജില്ലയിലെ താനൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ തീയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പിൽ നിന്നും സ്ഥലം കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും മന്ത്രി അറിയിച്ചു.കിഫ്ബി മുഖേന ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കും അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന സാഹചര്യത്തിലും ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുന്ന മറ്റു കേന്ദ്രങ്ങളിലും തീയറ്ററുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കും.കെ.എസ്.എഫ്.ഡി.സി.യുടെ കീഴിലുള്ള 17 തീയേറ്ററുകൾ സർക്കാരിൽ നിന്ന് ലഭിക്കുന്ന പ്ലാൻ ഫണ്ട് ഉപയോഗിച്ച് വർഷം തോറും ഏറ്റവും പുതിയ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരിക്കുവാൻ പദ്ധതി തയ്യാറാക്കിയതായും മന്ത്രി അറിയിച്ചു.

തൃശൂരിലെ കൈരളി, ശ്രീ തീയേറ്ററുകളുടെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതായും 2024 25 വർഷത്തെ പദ്ധതി വിഹിതം ഉപയോഗിച്ച് തിരുവനന്തപുരം കലാഭവൻ തിയേറ്റർ, ചേർത്തല കൈരളി, ശ്രീ തിയേറ്ററുകൾ എന്നിവ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും മന്ത്രി പറഞ്ഞു. പുതുതായി നിർമ്മിച്ച് കൊണ്ടിരിക്കുന്ന തീയേറ്റർ സമുച്ചയങ്ങളിൽ പ്രേക്ഷകർക്ക് വിശ്രമിക്കുന്നതിന് തയ്യാറാക്കുന്ന ലോബി ഏരിയകളിൽ പുസ്തക പ്രദർശനം, വിപണനം എന്നിവയ്ക്ക് സൗകര്യങ്ങൾ ഒരുക്കുന്നത് പരിഗണിക്കുമെന്നും മന്ത്രി പറഞ്ഞു.



# കാലുകൾ അടിച്ചൊടിച്ച കേസ് ; സഹോദരൻ അറസ്റ്റിൽ

കടയ്ക്കൽ: സഹോദരൻറെ കാലുകൾ ക്വട്ടേഷൻ സംഘത്തെ ഉപയോഗിച്ച് അടിച്ചൊടിച്ച സഹോദരൻ അറസ്റ്റിൽ. വർക്കല അയിരൂർ നവനീതത്തിൽ ജോസിനെയാണ് കടയ്ക്കൽ പോലീസ് അറസ്റ്റ് ചെയ്തത്.

ഇയാൾ ക്വട്ടേഷൻ നൽകിയ സംഘത്തിലുണ്ടായിരുന്ന ആറ്റിങ്ങൽ സ്വദേശികളായ ശിവജി, സ്റ്റാലിൻ, നുജുമുദീൻ എന്നിവർ ഒളിവിലാണ്. ഇക്കഴിഞ്ഞ ഏഴിന് രാത്രി ഒന്പതോടെയാണ് സംഭവം.

വീട്ടിനുള്ളിൽ ടിവി കണ്ടിരിക്കുകയായിരുന്ന കടക്കൽ കൊച്ചാറ്റുപുറം കൊച്ചുവീട്ടിൽ ജോയിയെ കാറിൽ എത്തിയ മൂന്നംഗ സംഘം കണ്ണിൽ മുളകുപൊടി എറിഞ്ഞ ശേഷം കാലുകൾ അടിച്ചൊടിക്കുകായിരുന്നു. ജോയിയുടെ നിലവിളി കേട്ട് വീട്ടിലുണ്ടായിരുന്ന മാതാവ് ഓടിയെത്തിയപ്പോഴേക്കും അക്രമികൾ രക്ഷപ്പെട്ടിരുന്നു. മാതാവ് അറിയിച്ചതിനെ തുടർന്ന് സ്ഥലത്തെത്തിയ കടയ്ക്കൽ പോലീസാണ് ജോയിയെ ആശുപത്രിയിൽ എത്തിച്ചത്.

ജോയിയുടെ മൊഴി രേഖപ്പെടുത്തി അന്വേഷണം ആരംഭിച്ച കടയ്ക്കൽ പോലീസ് ജ്യേഷ്ഠൻ ജോസാണ് ആക്രമണത്തിനു പിന്നിലെന്ന് കണ്ടെത്തുകയായിരുന്നു.

അവിവാഹതിനായ ജോയി വീട്ടിലുള്ള മാതാവിനെ നിരന്തരം മർദിക്കുമായിരുന്നു. ഇതിനെ തുടർന്നുള്ള പ്രകോപനമാണ് സംഭവത്തിന് പിന്നിൽ.

സംഭവത്തിൻറെ തൊട്ടടുത്ത ദിവസം തന്നെ ജോസ് വിദേശത്തേക്ക് പോയിരുന്നു. കേസ് അന്വേഷിച്ച പ്രത്യേക സംഘം ജോസാണ് ആക്രമണത്തിനു പിന്നിലെന്ന് കണ്ടെത്തുകയും വിദേശത്ത് നിന്നും നാട്ടിൽ എത്തിച്ചു അറസ്റ്റ് രേഖപ്പെടുത്തുകയുമായിരുന്നു.

ആക്രമണത്തിനായി ഉപയോഗിച്ച കാറും പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. പ്രതിയെ റിമാൻറ് ചെയ്തു. ഒളിവിലുള്ള ക്വട്ടേഷൻ സംഘത്തിനായി അന്വേഷണം ഊർജിതമാക്കിയതായി കടയ്ക്കൽ പോലീസ് പറഞ്ഞു.




*സംസ്ഥാന പഞ്ചായത്ത് അസോസിയേഷൻറെ ജില്ലാ സംസ്ഥാന സമിതി അംഗങ്ങളുടെ യോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ സംസാരിക്കുന്നു. സംസ്ഥാന പഞ്ചായത്ത് അസോസിയേഷൻ പ്രസിഡൻറ് കെ. എം ഉഷ, സെക്രട്ടറി കെ. കെ രാജീവ്, ജനറൽ സെക്രട്ടറി കെ. സുരേഷ്, വൈസ് പ്രസിഡൻറ് വി. വി മുഹമ്മദ് അലി എന്നിവർ സമീപം.*

# യുവതിയെ പീഡിപ്പിക്കാൻ ശ്രമിച്ചയാൾ പിടിയിൽ

ആറ്റിങ്ങൽ: ലോൺ തരപ്പെടുത്തി നൽകാമെന്ന് വാഗ്ദാനം ചെയ്ത് യുവതിയെ വിളിച്ചുവരുത്തി പീഡിപ്പിക്കാൻ ശ്രമിച്ച സംഭവത്തിൽ പ്രതി പിടിയിൽ. അവനവഞ്ചേരി ആഗ്രഹ വീട്ടിൽ തുഷാന്തി(39)നെയാണ് പോലീസ് പിടികൂടിയത്.

കഴിഞ്ഞ ഏപ്രിൽ 28നാണ് കേസിനാസ്പദമായ സംഭവം. ബാങ്ക് ലോൺ തരപ്പെടുത്തി നൽകാമെന്ന് അറിയിച്ച് യുവതിയെ വിളിച്ചു വരുത്തി ലൈംഗിക ഉദ്ദേശത്തോടെ കടന്നു പിടിക്കുകയായിരുന്നു.

പ്രതിയുടെ ഇംഗിതത്തിന് വഴങ്ങിയില്ലെങ്കിൽ മോശക്കാരിയായി ചിത്രീകരിക്കുമെന്ന് ഫോണിൽ വിളിച്ച് ഭീഷണിപ്പെടുത്തി. യുവതിയുടെ ചിത്രം മോർഫ് ചെയ്ത് ഇയാൾ പ്രചരിപ്പിക്കുകയും ചെയ്തതായാണ് പരാതി.

തിരുവനന്തപുരം റൂറൽ ജില്ലാപോലീസ് മേധാവി കിരൺ നാരായണൻൻറെ നിർദ്ദേശ പ്രകാരം ആറ്റിങ്ങൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ബിനു വർഗീസ്, ആറ്റിങ്ങൽ ഇൻസ്പെക്ടർ ജയകുമാർ, സബ് ഇൻസ്പെക്ടർ ആദർശ്, പോലീസുകാരായ അനിൽകുമാർ, പ്രശാന്ത്, അരുൺകുമാർ എന്നിവരുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

# മാലിന്യ സംസ്കരണം: തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾക്ക് വലിയ സംഭാവന നല്കാനാകുമെന്ന് ശാരദാ മുരളീധരൻ

തിരുവനന്തപുരം: മാലിന്യമുക്തം നവകേരളം കാമ്പയിനിൻറെ രണ്ടാം വർഷത്തിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ മേഖലയിൽ വലിയ സംഭാവന നല്കാനാകുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ പറഞ്ഞു. സംസ്ഥാന പഞ്ചായത്ത് അസോസിയേഷൻറെ ജില്ലാ സംസ്ഥാന സമിതി അംഗങ്ങളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ.മാലിന്യമുക്തം നവകേരളം കാമ്പയിനിൻറെ ആദ്യവർഷത്തെ നേട്ടങ്ങൾ നിലനിർത്താനും കേരളത്തെ മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യം നേടാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലൂടെ സാധിക്കുമെന്നും അവർ പറഞ്ഞു.

കഴിഞ്ഞ വർഷം കാമ്പയിനിലൂടെ ഉണ്ടായ നേട്ടങ്ങളെക്കുറിച്ച് ശാരദാ മുരളീധരൻ സംസാരിച്ചു. ഈ നേട്ടങ്ങൾക്ക് പിന്നിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മഹത്തായ സംഭാവനകളുണ്ട്. മാലിന്യമുക്തം നവകേരളം കാമ്പയിനിലൂടെ മാലിന്യ സംസ്കരണ മേഖലയിൽ മറ്റൊരു കേരള മോഡൽ സൃഷ്ടിക്കാനായി. ഇതിലൂടെ കേരളത്തിന് ധാരാളം അഭിനന്ദനങ്ങൾ ലഭിച്ചിരുന്നെന്നും അവർ പറഞ്ഞു.

മാലിന്യ സംഭരണ ശേഷി വർധിപ്പിക്കുന്നതിന് ആവശ്യമായ പ്രോജക്ടുകൾ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുകയെന്നത് വളരെ പ്രധാനമാണ്. പ്രത്യേക മാലിന്യങ്ങളിൽ ഉൾപ്പെടുന്ന കക്കൂസ് മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് പ്രാധാന്യം നല്കിക്കൊണ്ടാകണം പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടത്. സ്ക്രാപ്, പുന: ചംക്രമണ സാധ്യതയുള്ള വസ്തുക്കൾ തുടങ്ങിയവയുടെ സംസ്കരണത്തിനുള്ള തദ്ദേശീയ വ്യവസായ വികസന സാധ്യതകൾ പരിഗണിക്കണമെന്നും അവർ കൂട്ടിച്ചേർത്തു.സംസ്ഥാന പഞ്ചായത്ത് അസോസിയേഷൻ പ്രസിഡൻറ് കെ. എം ഉഷ, സെക്രട്ടറി കെ. കെ രാജീവ്, ജനറൽ സെക്രട്ടറി കെ. സുരേഷ്, വൈസ് പ്രസിഡൻറ് വി. വി മുഹമ്മദ് അലി എന്നിവരും പങ്കെടുത്തു.

# ഗസ്റ്റ് ലക്ചറർ അഭിമുഖം

തിരുവനന്തപുരം : കാര്യവട്ടം സർക്കാർ കോളേജിൽ ബോട്ടണി വിഷയത്തിലുള്ള ഗസ്റ്റ് അധ്യാപക ഒഴിവിലേക്ക് അഭിമുഖം നടത്തും. കൊല്ലം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ തയാറാക്കിയിട്ടുള്ള ഗസ്റ്റ് അധ്യാപക പാനലിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂലൈ 5ന് രാവിലെ 11ന് പ്രിൻസിപ്പൽ മുൻപാകെ അഭിമുഖത്തിന് ഹാജരാകണം. വിശദവിവരങ്ങൾക്ക് ഫോൺ : 9188900161.

# അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം : കേരഫെഡിലെ ആർബിട്രേഷൻ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ആർബിട്രേഷൻ കേസുകളിൽ പരിചയസമ്പത്തുള്ള സഹകരണ വകുപ്പിൽ നിന്നു റിട്ടയർ ചെയ്തവരുമായവരിൽനിന്ന് വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: www.kerafed.com.

# ശക്തമായ മഴ: ഏഴു ജില്ലകളിൽ ഓറഞ്ച് അലർട്ട്

തിരുവനന്തപുരം : അതിശക്തമായ മഴ സാധ്യത മുൻനിർത്തി കേന്ദ്ര കാലാവസ്ഥ വകുപ്പ് ഇന്ന് പത്തനംതിട്ട, എറണാകുളം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് അലർട്ടും ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ മഞ്ഞ അലർട്ടും പ്രഖ്യാപിച്ചു.

നാളെ വയനാട്, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് അലർട്ടും എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ മഞ്ഞ അലർട്ടും പ്രഖ്യാപിച്ചു. മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

# വനിതാ വികസന കോർപ്പറേഷനിൽ തൊഴിലധിഷ്ഠിത പരിശീലനം

തിരുവനന്തപുരം : സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ഫിനിഷിങ് സ്കൂളായ റീച്ചിൽ വിദേശത്തും സ്വദേശത്തും ജോലി സാധ്യതയുള്ള എൻ.എസ്.ഡി.സി അംഗീകൃത കോഴ്സുകളായ പൈത്തൺ പ്രോഗ്രാമിങ്, ഡാറ്റാ സയൻസ് എന്നിവയിലേക്ക് ഓൺലൈൻ പരിശീലനം ഉടൻ ആരംഭിക്കും. 100 ശതമാനം പ്ലേസ്മെന്റ് അസിസ്റ്റൻസ് ഉറപ്പ് നൽകുന്ന കോഴ്സിന്റെ ഒരു ബാച്ചിൽ 25 കുട്ടികൾക്ക് മാത്രമാണ് പ്രവേശനം. പ്ലസ് ടു, ഡിഗ്രി കഴിഞ്ഞവർക്ക് പൈത്തൺ പ്രോഗ്രാമിങ്ങിലേക്കും ഡിഗ്രി കഴിഞ്ഞവർക്ക് ഡാറ്റാ സയൻസിലേക്കും അപേക്ഷിക്കാം. അപേക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 15. വിശദവിവരങ്ങൾക്ക്: 9496015002, 9496015051, വെബ്സൈറ്റ്: www.reach.org.in.

# തൊഴിൽ തർക്ക കേസുകളുടെ വിചാരണ ജൂലൈ 19 ന്

തിരുവനന്തപുരം : കോഴിക്കോട് ലേബർ കോടതി പ്രിസൈഡിങ് ഓഫീസർ രാജീവ് ജയരാജ് (ജില്ലാ ജഡ്ജ്) ജൂലൈ 19 ന് രാവിലെ 11 ന് പാലക്കാട് ആർ.ഡി.ഒ കോടതി ഹാളിൽ തൊഴിൽ തർക്ക സംബന്ധമായി പാലക്കാട് ക്യാമ്പ് സിറ്റിങ്ങിൽ വിളിച്ചുവരുന്ന എല്ലാ കേസുകളും വിചാരണ ചെയ്യും.

# ബയോ മസ്റ്ററിങ് ചെയ്യണം

തിരുവനന്തപുരം : കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 2023 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളും ജൂൺ 25 നും ആഗസ്റ്റ് 24 നുമിടയിൽ (ക്ഷേമനിധി ഐഡി കാർഡ് സഹിതം അടുത്തുള്ള അക്ഷയസെന്ററിൽ ബയോമസ്റ്ററിങ് ചെയ്യണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

# ഗസ്റ്റ് ഇൻറർപ്രട്ടർ ഒഴിവ്

തിരുവനന്തപുരം : തിരുവനന്തപുരം, കൈമനം സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ഒക ബാച്ചിൽ ഗസ്റ്റ് ഇൻറർപ്രട്ടർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു. എംഎ സൈക്കോളജി, എംഎ സോഷ്യോളജി, എംഎസ്ഡബ്ല്യു എന്നിവയിൽ ഏതെങ്കിലുമൊന്നും ഇന്ത്യൻ സൈൻ ലാംഗ്വേജിൽ ഡിപ്ലോമയുമുള്ളവർക്ക് അപേക്ഷിക്കാം.

# വാർഷിക മസ്റ്ററിംഗ്

തിരുവനന്തപുരം : കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് പ്രതിമാസ പെൻഷൻ കൈപ്പറ്റുന്നവരിൽ 2023 ഡിസംബർ 31 വരെ മസ്റ്ററിങ് നടത്തിയവർക്ക് ജൂൺ 25 മുതൽ ഓഗസ്റ്റ് 24 വരെ വാർഷിക മസ്റ്ററിങ്ങിനായി സമയം അനുവദിച്ചു. ഈ കാലയളവിൽ പെൻഷൻകാർ അടുത്തുള്ള അക്ഷയ കേന്ദ്രങ്ങളിലെത്തി മസ്റ്ററിങ് പൂർത്തിയാക്കണം. മസ്റ്ററിങ്ങിനുള്ള അംഗീകൃത സർവീസ് ചാർജ്ജ് അക്ഷയ കേന്ദ്രങ്ങൾക്ക് നൽകണം.

# ട്രാൻസ്ജെൻഡർ സഹായ പദ്ധതികൾക്ക് അപേക്ഷിക്കാം

സാമൂഹ്യനീതി വകുപ്പ് മുഖേന ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി നടപ്പിലാക്കി വരുന്ന സ്കോളർഷിപ്പ്, ഹോസ്റ്റൽ ധനസഹായ പദ്ധതി, പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായ പദ്ധതി (സഫലം), വിദൂര വിദ്യാഭ്യാസ ധനസഹായ പദ്ധതി (വർണ്ണം), സമന്വയ പദ്ധതി, വിവാഹധനസഹായ പദ്ധതി, ലിംഗമാറ്റ ശസ്ത്രക്രിയ തുടർചികിത്സ ധനസഹായപദ്ധതി, അടിയന്തര സഹായം നൽകുന്ന പദ്ധതികൾ എന്നിയവയ്ക്കുള്ള അപേക്ഷകൾ ഇപ്പോൾ നൽകാം. വകുപ്പിന്റെ സുനീതി പോർട്ടൽ മുഖേനയാണ് അപേക്ഷ നൽകേണ്ടത്. പദ്ധതിയുടെ വിശദ വിവരങ്ങൾ വകുപ്പിന്റെ www.sjd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യക്കും. കൂടുതൽ വിവരങ്ങൾക്ക് 1800 425 2147 എന്ന ഹെൽപ്പ് ലൈൻ നമ്പറിലോ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലോ ബന്ധപ്പെടാം.

# ജയിൽ ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ

ശിക്ഷാ ഇളവിനുള്ള ശിപാർശയിൽ ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ തടവുകാരെ ഉൾപ്പെടുത്തി പോലീസ് റിപ്പോർട്ട് തേടിയ ജയിൽ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉത്തരവ് നൽകി.

കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ടിന്റെ ചുമതലയുള്ള ജോയിന്റ് സൂപ്രണ്ട് കെ.എസ്. ശ്രീജിത്ത്, അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ്ക ബി.ജി.അരുൺ, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ഒ.വി. രഘുനാഥ് എന്നിവരെയാണ് അന്വേഷണവിധേയമായി സർവീസിൽ നിന്നും സസ്പെന്റ് ചെയ്യാൻ ഉത്തരവിട്ടത്.

# എൻജിനിയറിങ്/ഫാർമസി പ്രവേശന പരീക്ഷ: സ്കോർ പ്രസിദ്ധീകരിച്ചു

ജൂൺ 5 മുതൽ 10 വരെ നടന്ന കേരള എൻജിനിയറിങ്, ഫാർമസി കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയിലെ വിദ്യാർഥികളുടെ നോർമലൈസ്ഡ് സ്കോർ ഠഠഠ.രലല.സലൃമഹമ.ഴീ.ശി ൽ പ്രസിദ്ധപ്പെടുത്തി. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ: 04712525300.

# ഗസ്റ്റ് ലക്ചർ അഭിമുഖം

കാഞ്ഞിരംകുളം ഗവ. കോളേജിൽ 202425 അധ്യയന വർഷത്തിൽ സ്റ്റാറ്റിസ്റ്റിക്സ് വിഷയത്തിൽ 2025 മാർച്ച് 31 വരെ ഗസ്റ്റ് ലക്ചറെ താത്കാലികമായി നിയമിക്കുന്നതിന് അഭിമുഖം നടത്തും. കോളേജ് വിദ്യാഭ്യാസ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ ഗസ്റ്റ് ലക്ചർ പാനലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അർഹരായ ഉദ്യോഗാർഥികൾ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും അവയുടെ ഒരു സെറ്റ് പകർപ്പുകളുമായി ജൂലൈ രണ്ടിന് ഉച്ചയ്ക്ക് 2 മണിക്ക് അഭിമുഖത്തിന് ഹാജരാകണം.

# ജയിൽ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തത് സർക്കാരിൻറെ മുഖം രക്ഷിക്കാൻ: കെ. കെ. രമ

തിരുവനന്തപുരം: ആർഎംപി നേതാവ് ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് ശിക്ഷാ ഇളവ് നൽകാൻ ശിപാർശ ചെയ്ത മൂന്ന് ജയിൽ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തത് സർക്കാരിൻറെ മുഖം രക്ഷിക്കാനുള്ള നടപടിയെന്ന് കെ. കെ. രമ എംഎൽഎ. പ്രതികൾക്ക് ശിക്ഷ ഇളവ് നൽകുന്നത് ഉദ്യോഗസ്ഥർ മാത്രം വിചാരിച്ചാൽ നടക്കുന്ന കാര്യമല്ലെന്ന് രമ ആരോപിച്ചു.

കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ടിൻറെ ചുമതലയുള്ള ജോയിൻറ് സൂപ്രണ്ട് കെ. എസ്. ശ്രീജിത്ത്, അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്1 ബി. ജി. അരുൺ, അസിസ്റ്റൻറ് പ്രിസൺ ഓഫീസർ ഒ. വി. രഘുനാഥ് എന്നിവരെയാണ് അന്വേഷണവിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തത്. മുഖ്യമന്ത്രി പിണറായി വിജയനാണ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യാൻ ഉത്തരവിട്ടത്.

പ്രതിപക്ഷ നേതാവിൻറെ ആദ്യ സബ്മിഷനായി വിഷയം നിയമസഭയിൽ എത്താനിരിക്കെയാണ് സർക്കാരിൻറെ ഈ നീക്കം.

കഴിഞ്ഞദിവസം, രമ വിഷയത്തിൽ അടിയന്തരപ്രമേയാനുമതി തേടിയിരുന്നു. എന്നാൽ ആവശ്യം സ്പീക്കർ എ. എൻ. ഷംസീർ തള്ളി. നടക്കാത്ത കാര്യത്തിൽ അടിയന്തരപ്രമേയം അംഗീകരിക്കാൻ ആകില്ലെന്നായിരുന്നു അദ്ദേഹത്തിൻറെ നിലപാട്. ഇത്തരമൊരു നീക്കമില്ലെന്ന് സർക്കാർ അറിയിച്ചിട്ടുണ്ടുണ്ടെന്നും വിഷയം സബ്മിഷനായി ഉന്നയിക്കാമെന്നും സ്പീക്കർ വ്യക്തമാക്കി.

നേരത്തെ, ടി. പി. കൊലപാതകത്തിൽ നേരിട്ട് പങ്കാളികളായ ടി. കെ. രജീഷ്, അണ്ണൻ സിജിത്, മുഹമ്മദ് ഷാഫി എന്നിവർക്ക് സ്പെഷൽ ഇളവ് നൽകാനുള്ള വഴിവിട്ട നീക്കം നടക്കുന്നതായി റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. ആസാദികാ അമൃത് മഹോത്സവത്തിൻറെ ഭാഗമായി കഴിഞ്ഞവർഷം തയാറാക്കിയ പട്ടികയിലാണ് പ്രതികളുടെ പേര് ഉൾപ്പെട്ടിരുന്നതെന്നാണ് വിവരം.

# പരണിയം സ്കൂളിന് കളിസ്ഥലം വിട്ടുനൽകാൻ ബാലാവകാശ കമ്മിഷൻ ഉത്തരവ്

തിരുപുറം ഗ്രാമപഞ്ചായത്തിന് ഉടമസ്ഥാവകാശം ഇല്ലാത്തതും പരണിയം സർക്കാർ വി.എച്ച്.എസ്.എസിന്റെ സ്വന്തവുമായ കളിസ്ഥലം സ്കൂളിന് വിട്ടുനൽകാൻ ബാലാവകാശ കമ്മിഷൻ ഉത്തരവിട്ടു. വിഷയവുമായി ബന്ധപ്പെട്ട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് അടിയന്തരമായി നടപ്പിലാക്കാനും കമ്മിഷൻ അംഗം ഡോ. എഫ്. വിൽസൺ നിർദ്ദേശം നൽകി. സ്കൂൾ മൈതാനത്ത് തിരുപുറം കുട്ടികൾ കയറാതിരിക്കാൻ ഗ്രാമപഞ്ചായത്ത് ഫെൻസിംഗ് നിർമ്മിച്ചതായും സ്കൂൾ സമയത്ത് പുറത്തുള്ളവർ മൈതാനത്ത് കളിക്കുന്നതിനാൽ കുട്ടികൾക്ക് കളിസ്ഥലത്ത് പോകുവാനോ, കളിക്കുവാനോ കഴിയുന്നില്ലെന്നും സ്കൂളിലെ മുഴുവൻ കുട്ടികൾക്കും കളിസ്ഥലം യഥേഷ്ടം ഉപയോഗിക്കാൻ അനുവദിക്കണമെന്നും പ്ലസ്വൺ വിദ്യാർഥി നൽകിയ പരാതിയിലാണ് കമ്മിഷൻ ഉത്തരവ്. തിരുപുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടും വാദവും നിലവിലെ നിയമങ്ങൾക്കും വസ്തുതകൾക്കും പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾക്കും വിരുദ്ധമാണെന്ന് കമ്മിഷൻ നിരീക്ഷിച്ചു.

സ്കൂൾ മൈതാനത്തെ മരങ്ങളിൽ നിന്നുള്ള ആദായം നിയമാനുസൃതം വിനിയോഗിക്കേണ്ടതാണ്. വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയില്ലാതെ ഒരു തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടത്താൻ പാടില്ല. സ്കൂൾ അധികാരിയുടെ അനുമതി ഇല്ലാതെ മൈതാനത്ത് അതിക്രമിച്ചു കയറുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കാനും കമ്മിഷന്റെ ശുപാർശകളിൽ ബന്ധപ്പെട്ട അധികാരികൾ സ്വീകരിച്ച നടപടി റിപ്പോർട്ട് 15 ദിവസത്തിനകം സമർപ്പിക്കാനും ഉത്തരവിൽ നിർദ്ദേശിച്ചു.

# പോളിടെക്നിക് ലാറ്ററൽ എൻട്രി സ്പോട്ട് അഡ്മിഷൻ ജൂലൈ 5 മുതൽ

2024 25 അധ്യയന വർഷത്തെ സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/ എയ്ഡഡ്/ ഗവ. കോസ്റ്റ് ഷെയറിംഗ് (ഐ.എച്ച്.ആർ.ഡി/ കേപ്പ്/ സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ പോളിടെക്നിക് ഡിപ്ലോമ രണ്ടാം വർഷത്തിലേയ്ക്ക് നേരിട്ടുള്ള ലാറ്ററൽ എൻട്രി പ്രവേശനത്തിന്റെ സ്പോട്ട് അഡ്മിഷൻ ജൂലൈ അഞ്ചു മുതൽ ജൂലൈ ഒമ്പത് വരെ അതാതു സ്ഥാപനങ്ങളിൽ വച്ച് നടത്തും. അപേക്ഷകർ www.polyadmission.org/let എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന സമയക്രമമനുസരിച്ച് സ്ഥാപനത്തിൽ നേരിട്ട് ഹാജരാകണം. സ്പോട്ട് അഡ്മിഷനിൽ അപേക്ഷകന് ഏത് സ്ഥാപനത്തിലെയും ഏത് ബ്രാഞ്ചുകളിലേയ്ക്കും പുതിയ ഓപ്ഷനുകൾ നൽകാവുന്നതാണ്. ഒഴിവുകൾ നികത്തുന്നതിന് നിലവിലെ റാങ്ക് ലിസ്റ്റിലെ അപേക്ഷകരുടെ അഭാവത്തിൽ നിലവിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്കും പുതുതായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പുതുതായി അപേക്ഷ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ www.polyadmission.org/let എന്ന അഡ്മിഷൻ പോർട്ടലിലെ ഹോം പേജിൽ ലഭ്യമായിട്ടുള്ള One Time Regitsration എന്ന ലിങ്ക് വഴി രജിസ്ട്രേഷൻ പൂർത്തിയാക്കി ഓൺലൈനായി ഫീസ് അടച്ചതിനു ശേഷം ലഭിക്കുന്ന രജിസ്ട്രേഷൻ നമ്പർ ഉപയോഗിച്ച് Candidate login link വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്. സ്പോട്ട് അഡ്മിഷന് പുതുതായി പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് One Time Regitsration അപേക്ഷ സമർപ്പണത്തിനും ജൂലൈ നാല് വരെ അവസരം ഉണ്ടായിരിക്കും. ഛില Time Regitsration ഫീസായി പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗങ്ങൾ 200 രൂപയും മറ്റു വിഭാഗങ്ങൾ 400 രൂപയും ഓൺലൈനായി ഒടുക്കേണ്ടതാണ്. നിലവിലുള്ള റാങ്ക് ലിസ്റ്റിലേക്ക് പുതുതായി ലഭിക്കുന്ന അപേക്ഷകൾ കൂടി ഉൾപ്പെടുത്തി പ്രവേശന നടപടികൾ പൂർത്തീകരിക്കും. നിലവിൽ ലഭ്യമായ ഒഴിവുകൾ പോളിടെക്നിക് കോളജ് അടിസ്ഥാനത്തിൽ www.polyadmission.org/let എന്ന വെബ്സൈറ്റിലെ Vacancy Position എന്ന ലിങ്ക് വഴി മനസ്സിലാക്കാവുന്നതാണ്. നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ അത് പരിശോധിച്ച് ഒഴിവുകൾ ലഭ്യമായ പോളിടെക്നിക് കോളജിൽ ഹാജരാകുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ലോകത്തെ ഏറ്റവും വലിയ മൂന്നാമത്തെ ആഭ്യന്തര വ്യോമയാന വിപണിയായി ഇന്ത്യ

ന്യൂഡൽഹി: ലോകത്തെ ഏറ്റവും വലിയ മൂന്നാമത്തെ ആഭ്യന്തര വ്യോമയാന വിപണിയാണ് ഇപ്പോൾ ഇന്ത്യയെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്ത് സംസാരിക്കവെയാണ് രാഷ്ട്രപതി ഇക്കാര്യം പറഞ്ഞത്. വിമാന റൂട്ടുകളിൽ കഴിഞ്ഞ പത്തുവർഷത്തിനിടെയുണ്ടായ വർധന ടയർ 2, 3 നഗരങ്ങൾക്ക് ഗുണം ചെയ്തുവെന്നും രാഷ്ട്രപതി കൂട്ടിച്ചേർത്തു.

'ലോകത്തെ ഏറ്റവും വലിയ മൂന്നാമത്തെ ആഭ്യന്തര വ്യോമയാന വിപണിയാണ് ഇന്ത്യ. 2014 ഏപ്രിലിൽ രാജ്യത്ത് 209 എയർലൈൻ സെക്ടറുകളാണ് ഉണ്ടായിരുന്നത്. എന്നാൽ 2024 ഏപ്രിൽ ആയപ്പോൾ അത് 605 ആയി വർധിച്ചു. വിമാന റൂട്ടുകളിലെ ഈ വർധനവ് ടയർ 2, 3 നഗരങ്ങൾക്ക് നേരിട്ട് ഗുണം ചെയ്തു.' രാഷ്ട്രപതി പറഞ്ഞു.

വിമാനയാത്രയോടുള്ള പ്രിയം വർധിക്കുകയാണ്. അതനുസരിച്ച് കൂടുതൽ ആളുകളെ കൊണ്ടുപോകാൻ പാകത്തിൽ വിമാനക്കമ്പനികൾ തങ്ങളുടെ പക്കലുള്ള വിമാനങ്ങളുടെ എണ്ണവും വർധിപ്പിക്കുകയാണ്. രാജ്യത്തെ വിമാനത്താവളങ്ങളുടെ എണ്ണവും ആവശ്യകതയ്ക്കനുസരിച്ച് കൂടിക്കൊണ്ടിരിക്കുകയാണ്.

2024 ജനുവരി മുതൽ മേയ് വരെ ആഭ്യന്തര വിമാന സർവീസുകൾ വഴി 661.42 ലക്ഷം പേരാണ് യാത്ര ചെയ്തത്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 636.07 ലക്ഷം പേരായിരുന്നു യാത്ര ചെയ്തത്. ഔദ്യോഗിക കണക്കുകളാണ് ഇക്കാര്യം സൂചിപ്പിക്കുന്നത്.

കഴിഞ്ഞ പത്തുവർഷം കൊണ്ട് ഇന്ത്യൻ സമ്പദ് വ്യവസ്ഥ 11ാം സ്ഥാനത്തുനിന്ന് അഞ്ചാം സ്ഥാനത്തെത്തിയെന്നും ദ്രൗപതി മുർമു പറഞ്ഞു. ഇന്ത്യയിലെ പൊതുഗതാഗതസംവിധാനം ലോകത്തെ ഏറ്റവും മികച്ചതാക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നതെന്നും അവർ പാർലമെന്റിൽ പറഞ്ഞു.

# ജീവനക്കാരുടെ അഭാവം: കരുവാരകുണ്ട് സിഎച്ച്സിയിൽ രോഗികൾ വലയുന്നു

കരുവാരകുണ്ട്: ജീവനക്കാരുടെ അഭാവത്തെ തുടർന്ന് കരുവാരകുണ്ട് സിഎച്ച്സിയിൽ രോഗികൾ വലയുന്നു. കരുവാരകുണ്ട്, തുവ്വൂർ, എടപ്പറ്റ പഞ്ചായത്തുകളിലെ സാധാരണക്കാരുടെ ആശ്രയ കേന്ദ്രമാണ് കരുവാരകുണ്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ.

ദിവസവും 500 ൽ അധികം രോഗികൾ ആശ്രയിക്കുന്ന ആശുപത്രിയിൽ മതിയായ ജീവനക്കാരെ നിയമിക്കാതെ കരുവാരകുണ്ട് മേഖലയിലെ ജനങ്ങളെ അവഗണിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നതെന്നും ആക്ഷേപമുണ്ട്. കഴിഞ്ഞ യുഡിഎഫ് ഭരണകാലത്ത് ആശുപത്രിയിൽ നിയമിച്ച ജീവനക്കാരെ എൽഡിഎഫ് സർക്കാർ ഇവിടെ നിന്നും പിൻ വലിക്കുകയാണുണ്ടായത്. നാലു ഡോക്ടർമാരുടെ സേവനം കടലാസിൽ ഉണ്ടെങ്കിലും ചിലപ്പോൾ രണ്ട് ഡോക്ടർമാരുടെ സേവനമാണ് രോഗികൾക്ക് ലഭിക്കുന്നത്. ആശുപത്രി സംബന്ധമായ ആവശ്യങ്ങൾക്ക് ഡോക്ടർമാർ പുറത്തു പോയാൽ സേവനം ഒരു ഡോക്ടറിൽ ഒതുങ്ങും.

കഴിഞ്ഞ ബലിപ്പെരുനാൾ ദിനത്തിൽ നിലവിലുണ്ടായിരുന്ന രണ്ടു ഡോക്ടർമാരും അവധിയിൽ പ്രവേശിച്ചതോടെ ഡോക്ടറില്ലാത്ത ആതുര സേവനമായി മാറുകയായിരുന്നു കരുവാരകുണ്ട് സിഎച്ച്സി. അന്നേ ദിവസം അവിടെയെത്തിയ നൂറുകണക്കിന് രോഗികൾ സ്വകാര്യ ആശുപത്രിയെ ആശ്രയിക്കേണ്ടി വന്നത് പാവപ്പെട്ട രോഗികൾക്ക് വൻ സാമ്പത്തിക പ്രയാസം നേരിട്ടതായും പരാതിയുണ്ട്.

ഫാർമ്മസിസ്റ്റിൻറെ കുറവിനെ തുടർന്ന് രോഗികൾ മരുന്നു വാങ്ങാൻ മണിക്കൂറുകൾ വരിയിൽ കാത്തു നിൽക്കണം. ദിവസ വേതനത്തിന് നിയമിച്ചിരിക്കുന്ന ജീവനക്കാരണധികവും നിലവിലുള്ളത്. സ്റ്റാഫ് നഴ്സിൻറെ കുറവും പരിഹരിച്ചിട്ടില്ല. രോഗികൾക്ക് ടോക്കൺ കൊടുക്കുന്നിടത്തും ജീവനക്കാരില്ല. മരുന്നു വാങ്ങുന്നിടത്ത് വൃദ്ധജനങ്ങൾക്ക് പ്രത്യേക പരിഗണ ലഭിക്കാത്തതും പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. വരിയിൽ നിൽക്കുന്ന രോഗികൾ തളർന്നുവീഴുന്നതും ഇവിടെ നിത്യസംഭവമാണ്. കിടത്തി ചികിത്സക്ക് അരക്കോടിയിലധികം രൂപ ചിലവഴിച്ച് ഇവിടെ കെട്ടിടങ്ങൾ നിർമിച്ചെങ്കിലും ശൂന്യമായി കിടക്കുകയാണ്. ജീവനക്കാരുടെ അഭാവമാണ് ഇതിൻറെ പിന്നിലെന്ന് അധികൃതർ പറയുന്നു.

# പ്ലസ് വൺ സീറ്റ് പ്രതിസന്ധി: മലപ്പുറത്ത് ദേശീയപാത ഉപരോധിച്ച് കെഎസ്‌യു

മലപ്പുറം: മലബാറിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധിയിൽ ശാശ്വത പരിഹാരം ആവശ്യപ്പെട്ട് മലപ്പുറം കുന്നുമ്മലിൽ കെഎസ്‌യു പ്രതിഷേധം. നൂറുകണക്കിന് പ്രവർത്തകരുടെ നേതൃത്വത്തിൽ പാലക്കാട് കോഴിക്കോട് ദേശീയപാത ഉപരോധിച്ചു.

പ്രതിഷേധത്തിനിടയിൽ പോലീസും പ്രവർത്തകരും തമ്മിൽ സംഘർഷമുണ്ടായി. ഡിസിസി പ്രസിഡൻറ് വി. എസ്. ജോയിക്കടക്കം പരിക്കേറ്റു. പ്രവർത്തകർ പോലീസ് ബസിനു മുകളിൽ കയറി കൊടി നാട്ടി. നേതാക്കളെയും പ്രവർത്തകരെയും പിന്നീട് പോലീസ് അറസ്റ്റ് ചെയ്തു നീക്കി. കഴിഞ്ഞ ദിവസം മലബാർ സീറ്റുമായി ബന്ധപ്പെട്ട വിഷയത്തിൽ വിദ്യഭ്യാസ മന്ത്രി വി. ശിവൻകുട്ടി വിദ്യാർഥി സംഘടനാ നേതാക്കളുമായി ചർച്ച നടത്തിയിരുന്നു. താത്കാലിക ബാച്ച് അനുവദിക്കാനും വിഷയത്തെക്കുറിച്ച് പഠിക്കാൻ പുതിയ കമ്മീഷനെ നിയോഗിക്കാനും സർക്കാർ തീരുമാനിച്ചിരുന്നു.

# നിർത്തിയിട്ടിരുന്ന സ്കൂട്ടറിൽ കാറിടിച്ചു; സ്കൂട്ടർ മറിഞ്ഞുവീണ് പരിക്കേറ്റ കാൽനട യാത്രക്കാരൻ മരിച്ചു

തിരുവനന്തപുരം: നിയന്ത്രണം വിട്ട കാർ റോഡരികിൽ നിർത്തിയിട്ടിരുന്ന സ്കൂട്ടറിൽ ഇടിക്കുകയും അതേ സ്കൂട്ടർ മറിഞ്ഞ് വഴിയാത്രക്കാരന്റെ ദേഹത്തുപതിച്ചുമുണ്ടായ അപകടത്തിൽ ചികിത്സയിലായിരുന്ന വയോധികൻ മരിച്ചു. വെങ്ങാനൂർ കുഴിയറത്തല സൗപർണികയിൽ മുൻ റാന്നി ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥൻ വി. ബാബു (70) ആണ് മരിച്ചത്. ബുധനാഴ്ച രാവിലെ 11 മണിയോടെ വിഴിഞ്ഞം ജങ്ഷന് സമീപമായിരുന്നു അപകടം.

കോവളം ഭാഗത്തുനിന്നെത്തിയ കൈമനം സ്വദേശിനിയുടെ കാർ എതിരെ ബസ് വരുന്നത് കണ്ട് പെട്ടെന്ന് ബ്രേക്ക് ചെയ്തു. തുടർന്ന് മുൻപോട്ടെടുക്കുമ്പോൾ അതേ ദിശയിൽ റോഡിൽ പാർക്കുചെയ്തിരുന്ന സ്കൂട്ടറിൽ തട്ടുകയായിരുന്നു. ഈ സമയത്ത് സാധനങ്ങൾ വാങ്ങി അതുവഴി നടന്നുവരുകയായിരുന്ന ബാബുവിന്റെ ദേഹത്ത് സ്കൂട്ടർ മറിഞ്ഞ് വീണു. റോഡിൽ വീണ ബാബുവിന്റെ തലയ്ക്കും താടിയെല്ലിനും ഗുരുതരമായി പരിക്കേറ്റു. തുടർന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ചികിത്സയിലിരിക്കെ വ്യാഴാഴ്ച പുലർച്ചെ 2.30 ഓടെ മരിക്കുകയായിരുന്നു. വിഴിഞ്ഞം പോലീസ് കേസെടുത്തു.

# മയക്കുമരുന്ന്: നിയമങ്ങളും ശിക്ഷയും വിദ്യാർഥികൾ മനസിലാക്കണം:ജില്ലാ കളക്ടർ

അടൂർ: മയക്കുമരുന്ന് സംബന്ധിച്ച നിയമങ്ങളും ശിക്ഷയും വിദ്യാർഥികൾ മനസിലാക്കിയിരിക്കണമെന്ന് ജില്ലാ കളക്ടർ എസ്. പ്രേം കൃഷ്ണൻ. അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനത്തിൽ പത്തനംതിട്ട ജില്ലയിൽ എക്സൈസ് വിമുക്തി മിഷൻറെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനം, 'ലഹരിയും നിയമങ്ങളും അറിവിലേക്ക് ' പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം അടൂർ സെൻറ് സിറിൽസ് കോളജിൽ നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മയക്കുമരുന്ന് സംബന്ധിച്ച നിയമങ്ങളും അവയുടെ ശിക്ഷയെക്കുറിച്ചും മനസിലാക്കാത്തതു മൂലമാണ് പുതുതലമുറ രാസലഹരിയിലേക്ക് വഴുതിപ്പോകുന്നത്. ഇതു സംബന്ധിച്ച് പൊതുസമൂഹത്തിന് നിയമാവബോധം അത്യാവശ്യമാണ്. ഇതിൽ ഉൾപ്പെട്ട് കുറ്റവാളികളാകുന്നവരുടെ ഭാവിജീവിതം വേദനാജനകമായിരിക്കും. ഇത് തിരിച്ചറിയാൻ പുതുതലമുറ തയാറാകണമെന്നും കളക്ടർ പറഞ്ഞു.

കോളജ് പ്രിൻസിപ്പൽ ഡോ. സൂസൻ അലക്സാണ്ടർ അധ്യക്ഷത വഹിച്ചു. കോളജ് മാനേജർ ഡോ. സക്കറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത മുഖ്യസന്ദേശം നൽകി. എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ഇൻചാർജ് രാജീവ് ബി. നായർ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

# കെഎസ്ആർടിസി ജീവനക്കാർക്ക് ഒറ്റ ഗഡുവായി ഒന്നാം തീയതി ശമ്പളം നൽകാൻ ശ്രമിക്കുന്നുവെന്ന് മന്ത്രി

തിരുവനന്തപുരം: കെഎസ്ആർടിസി ജീവനക്കാരുടെ ശമ്പളം ഒന്നാം തീയതി തന്നെ ഒറ്റ ഗഡുവായി കൊടുക്കാനുള്ള ഒരുക്കങ്ങൾ നടക്കുകയാണെന്ന് ഗതാഗതമന്ത്രി കെ. ബി. ഗണേഷ് കുമാർ നിയമസഭയിൽ പറഞ്ഞു.

ഇതിനായി ബാങ്ക് വായ്പ എടുക്കാനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിച്ച് വരുകയാണ്. കൂടാതെ കെഎസ്ആർടിസി കൂടുതൽ എസി ബസുകളിലേക്ക് മാറും. കെഎസ്ആർടിസി ഷോപ്പിംഗ് കോംപ്ലക്സുകളുടെ വ്യവസ്ഥകളിൽ ഇളവ് വരുത്തി പരമാവധി കടകൾ വാടകയ്ക്ക് നൽകാൻ നടപടി എടുക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കെഎസ്ആർടിസി കംഫർട്ട് സ്റ്റേഷനുകൾ സംസ്ഥാന വ്യാപകമായി പരിഷ്കരിക്കും. കംഫർട്ട് സ്റ്റേഷൻ പരിപാലനം സുലഭ് എന്ന ഏജൻസിയെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. 23 ഡ്രൈവിംഗ് സ്കൂളുകൾ കൂടി കെഎസ്ആർടിസി തുടങ്ങുമെന്നും ഗണേഷ് കുമാർ കൂട്ടിച്ചേർത്തു. 15 വർഷമായ വാഹനങ്ങൾ പൊളിക്കാനുള്ള ടെൻഡർ നടപടി ഉടൻ ആരംഭിക്കുമെന്നും ഗണേഷ്കുമാർ നിയമസഭയെ അറിയിച്ചു.

# വനമേഖലയിലും ദേശീയോദ്യാനങ്ങളിലും പ്ലാസ്റ്റിക് വിലക്കണമെന്നു ഹർജി

കൊച്ചി: വനമേഖലയിലും വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉപയോഗം വിലക്കണമെന്നാവശ്യപ്പെട്ടു ഹൈക്കോടതിയിൽ ഹർജി. കഴിഞ്ഞ ഏപ്രിൽ ഒന്നു മുതൽ ഒഡീഷ സർക്കാർ കൊണ്ടുവന്ന നിയന്ത്രണമടക്കം ചൂണ്ടിക്കാട്ടി ഇന്ത്യൻ സ്കൗട്ട് ആൻഡ് ഗൈഡ് ഫെലോഷിപ് എറണാകുളം ജില്ലാ സെക്രട്ടറിയായ അഭിഭാഷകൻ എ. ജി. സുനിൽകുമാറാണ് പൊതുതാത്പര്യ ഹർജി നൽകിയത്.

വിനോദയാത്രക്കാരടക്കം വനമേഖലയിൽ വലിയതോതിൽ പ്ലാസ്റ്റിക് ഉപേക്ഷിക്കുന്നതായി ഹർജിയിൽ പറയുന്നു. ഇവ നീക്കം ചെയ്യുന്നതിലടക്കം വനംവകുപ്പോ കേരള വനം വികസന കോർപറേഷനോ നടപടി സ്വീകരിക്കുന്നില്ല. പ്ലാസ്റ്റിക്കുമായി അകത്തേക്കു പ്രവേശിക്കുന്നത് തടയാനോ ഇവ നീക്കം ചെയ്യാനോ അധികൃതർ ഒരു നടപടിയും സ്വീകരിക്കുന്നുമില്ല.

പ്ലാസ്റ്റിക് മാലിന്യം കുമിഞ്ഞുകൂടുന്നത് പരിസ്ഥിതി മലിനീകരണത്തിനടക്കം കാരണമാകുന്നു. ജീവിക്കാനുള്ള അവകാശത്തിൻറെ ലംഘനമാണിത്. ശബരിമലയിലും ദേവികുളം താലൂക്കിലും പ്ലാസ്റ്റിക് ഉത്പന്നങ്ങൾക്ക് നിരോധനമുണ്ടെങ്കിലും ഫലപ്രദമായി നടപ്പാക്കുന്നില്ലെന്നും ഹർജിയിൽ പറയുന്നു.

# തീരദേശ ഹൈവേ അലൈൻമെൻറിനെതിരെ നിയമസഭയിലേക്കു മാർച്ചും ധർണയും

തിരുവനന്തപുരം: എറിയാട് എടവിലങ്ങ് പഞ്ചായത്തുകളെ ബാധിക്കുന്ന അശാസ്ത്രീയ തീരദേശ ഹൈവേ അലൈൻമെൻറിനെതിരെ എറിയാട് പഞ്ചായത്ത് ഓഫീസിനു മുന്പിൽ തീരദേശ ഹൈവേ അവകാശ സംരക്ഷണസമിതി നടത്തുന്ന അനശ്ചിത കാല ധർണയുടെ 75ാംദിവസം നിയമസഭയിലേക്കു മാർച്ചും ധർണയും നടത്തി. പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ ഉദ്ഘാടനം ചെയ്തു.

500 കോടിയിലധികം വിലവരുന്ന സ്ഥാവരജംഗമ വസ്തുക്കളും ആയിരത്തിലധികം പേർക്കു തൊഴിലും നഷ്ടപ്പെടുത്തി എറിയാടിൻറെ വികസനം തച്ചുതകർക്കുന്ന പദ്ധതിക്കെതിരെ പൊതുസമൂഹം അണിനിരക്കുമെന്ന് അദ്ദേഹം പറഞ്ഞു.

സമരസമിതി ചെയർമാൻ എ. എ. ഇക്ബാൽ അധ്യക്ഷത വഹിച്ചു. വെൽഫെയർ പാർട്ടി സംസ്ഥാന സെക്രട്ടറി മിർഷാദ് റഹ്മാൻ, പ്രവാസി ബന്ധു ഡോ. എസ്. അഹമ്മദ്, ധീവരസഭ സംസ്ഥാന കൗൺസിൽ അംഗം ഇ. കെ. ദാസൻ, എറിയാട് സർവീസ് സഹകരണ ബാങ്ക് വൈസ് പ്രസിഡൻറ് അഡ്വ. കെ. കെ. സക്കീർ ഹുസൈൻ, പ്രവാസി പെൻഷൻ ഓൾഡേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി കെ. എൻ. എ. അമീർ, എഫ്ഐടിയു സംസ്ഥാന കൗൺസിൽ അംഗം സരസ്വതി വലപ്പാട്, എൻആർഐ സംസ്ഥാന കൗൺസിൽ അംഗം ലൈജു ആലപ്പുഴ എന്നിവർ പ്രസംഗിച്ചു.

ധർണയ്ക്ക് സമരസമിതി ജനറൽ സെക്രട്ടറി സിദ്ദീഖ് പഴങ്ങാടൻ സ്വാഗതവും വ്യാപാരി വ്യവസായി ഏകോപന സമിതി സെക്രട്ടറി എ. എ. അബ്ദുൾസലാം നന്ദിയും പറഞ്ഞു. മാനവീയും സ്ക്വയറിൽനിന്ന് ആരംഭിച്ച നിയമസഭ മാർച്ചിന് എറിയാട് ഗ്രാമപഞ്ചായത്ത് മെമ്പർ കെ. എസ്. രാജീവൻ, എടവിലങ്ങ് ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡൻറ് ടി. എം. ഷാഫി, ആരിഫ് അലിക്കുഞ്ഞ്, ഫാത്തിമ സിദ്ദീഖ്, ഡോ. കെ. കെ. നസീർ, പി. കെ. അബ്ദുൽ ജബ്ബാർ, കെ. എം. ഷൗക്കത്ത്, പി. എച്ച്. സിദ്ദീഖ്, ഇബ്രാഹിംകുട്ടി എറിയാട്, ടി. പി. സിദ്ധാർഥൻ, ടി. കെ. കൊച്ചുഇബ്രാഹിം എന്നിവർ നേതൃത്വം നൽകി.

# ട്രാൻസ്പോർട്ട് അതോറിറ്റി യോഗം 10ന്

സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ ജൂലൈ മൂന്നിനു ചേരാൻ നിശ്ചയിച്ചിരുന്ന യോഗം 10ലേക്ക് മാറ്റി. അന്നേ ദിവസം രാവിലെ 11ന് വഴുതക്കാടുള്ള ട്രാൻസ് ടവറിലെ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് കോൺഫറൻസ് ഹാളിലാണ് യോഗം.

# പോക്സോ കേസ് പ്രതിക്ക് 75 വർഷം കഠിന തടവ്

തൃശൂർ: പോക്സോ കേസിൽ പ്രതിക്ക് 75 വർഷം കഠിന തടവും 10, 5000 രൂപ പിഴയും. ചേലക്കര കോളത്തൂർ അവിന വീട്ടുപറമ്പിൽ മുഹമ്മദ് ഹാഷിം (40) ന് ആണ് കോടതി ശിക്ഷ വിധിച്ചത്. വടക്കാഞ്ചേരി ഫാസ്റ്റ് ട്രാക്ക് സ്പെഷൽ പോക്സോ കോടതിയാണ് കേസിൽ ശിക്ഷ വിധിച്ചത്. പിഴത്തുക കേസിലെ അതിജീവിതയ്ക്ക് നൽകണം. പിഴയടച്ചില്ലെങ്കിൽ 20 മാസം അധിക കഠിനതടവ് അനുഭവിക്കണമെന്നും കോടതി വ്യക്തമാക്കി.

2021 നവംബർ മാസത്തിലാണ് സംഭവം. 12 കാരിയെ മാതാപിതാക്കളറിയാതെ പ്രതി പലതവണ സ്കൂളിൽനിന്ന് കൂട്ടിക്കൊണ്ടുപോയിരുന്നു. തുടർന്ന് ബന്ധുവീടുകളിൽ വച്ച് പീഡിപ്പിക്കുകയായിരുന്നു.

# സർക്കാരിൻറെ ലഹരിവിരുദ്ധ കാന്പയിൻ തികഞ്ഞ ജനവഞ്ചന: വി. എം. സുധീരൻ

തിരുവനന്തപുരം: മദ്യവ്യാപനത്തിൻറെ നടത്തിപ്പുകാരായ സംസ്ഥാന സർക്കാരിൻറെ ലഹരിവിരുദ്ധ കാന്പയിൻ തികഞ്ഞ ജനവഞ്ചനയെന്നു മുതിർന്ന കോൺഗ്രസ് നേതാവ് വി. എം. സുധീരൻ. മാനവരാശിക്കുമേൽ മാരകവിപത്താണ് മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിപദാർഥങ്ങൾ.

ഈ മഹാവിപത്തിൻറെ കെടുതികൾ അതിഗുരുതരമായ നിലയിൽ ജനജീവിതത്തെ ബാധിക്കുന്ന ആപത്കരമായ സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. ഇതെല്ലാം തിരിച്ചറിയുന്ന ഭരണകൂടങ്ങൾതന്നെ മദ്യത്തിൻറെ വ്യാപനത്തിനായി സർവ ശ്രമങ്ങളും നടത്തുന്നു എന്നത് വിചിത്രമാണ്. നാടിനെ സർവ നാശത്തിലേക്കു നയിക്കുന്ന മദ്യവ്യാപനത്തിൻറെ നടത്തിപ്പുകാരായ സംസ്ഥാന സർക്കാർ ഇപ്പോൾ നടത്തുന്ന ലഹരിവിരുദ്ധ കാന്പയിൻ ജനങ്ങളെ കബളിപ്പിക്കുന്ന നടപടിയാണെന്നും. സുധീരൻ അറിയിച്ചു.

# മട്ടന്നൂരിൽ ബിസിനസുകാരനെ തട്ടിക്കൊണ്ടുപോയി 11.70 ലക്ഷം രൂപ കവർന്നു

മട്ടന്നൂർ: ഉളിയിൽ ബിസിനസുകാരനെ തട്ടിക്കൊണ്ടുപോയി 12 ലക്ഷത്തോളം രൂപ കവർന്ന് റോഡിൽ ഉപേക്ഷിച്ചു. ഇന്നലെ പുലർച്ചെ നാലോടെയായിരുന്നു സംഭവം. മട്ടന്നൂർ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. ഉളിയിൽ പടിക്കച്ചാൽ സ്വദേശി അബ്ദുൾ അസീസിനെയാണ് ഇന്നോവയിൽ എത്തിയ അഞ്ചംഗസംഘം തട്ടിക്കൊണ്ടുപോയത്. ബംഗളൂരുവിൽ ബിസിനസ് ആവശ്യത്തിന് പോയി തിരികെ വരുന്നതിനിടെയാണ് സംഭവം.

ഉളിയിൽ പാലത്തിന് സമീപം ബസിറങ്ങി 3.40 ഓടെ പടിക്കച്ചാൽ റോഡിലൂടെ നടന്നു വീട്ടിലേക്ക് പോകുന്നതിനിടെ പടിക്കച്ചാൽ ഭാഗത്തുനിന്നും വന്ന ഇന്നോവ കാർ നിർത്തി അബ്ദുൾ അസീസിനെ അഞ്ചംഗസംഘം പിടിച്ചുവലിച്ച് കാറിൽ കയറ്റി പോകുകയായിരുന്നു. അബ്ദുൾ അസീസിൻറെ കൈവശമുണ്ടായിരുന്ന 11.70 ലക്ഷം രൂപയും മൊബൈൽ ഫോണിലെ സിം കാർഡും കൈക്കലാക്കിയ ശേഷം എട്ടു കിലോ മീറ്റർ അകലെ വെളിയമ്പ്ര കൊട്ടാരത്തിൽ ഇറക്കിവിട്ടു.

ആരെയും വിളിക്കാൻ ഫോണില്ലാത്തതിനാൽ അതുവഴി വന്ന ബൈക്ക് കൈ കാണിച്ച് നിർത്തി വീട്ടിലേക്ക് വരികയായിരുന്നു. തുടർന്നാണ് മട്ടന്നൂർ പോലീസിൽ പരാതി നൽകിയത്. മട്ടന്നൂർ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. പോലീസ് പ്രദേശത്തെ സിസിടിവി കാമറകൾ പരിശോധിച്ചു വരികയാണ്.

# പാലത്തിൽനിന്ന് കാർ കുത്തിയൊലിക്കുന്ന പുഴയിലേക്ക് വീണു; യാത്രക്കാർ അദ്ഭുതകരമായി രക്ഷപെട്ടു

കാഞ്ഞങ്ങാട്: കാസർഗോട്ട് പാലത്തിൽനിന്ന് പുഴയിലേക്ക് കാർ മറിഞ്ഞ് അപകടം. പള്ളഞ്ചി പാണ്ടി റോഡിൽ കൈവരി ഇല്ലാത്ത പാലത്തിൽ നിന്നാണ് കാർ പുഴയിലേക്ക് വീണത്. കാറിൽ ഉണ്ടായിരുന്ന റാഷിദ്, തസ്രീഫ് എന്നിവരെ കുറ്റിക്കോൽ ഫയർഫോഴ്സ് രക്ഷപ്പെടുത്തി.

രാവിലെ ആറിനാണ് അപകടമുണ്ടായത്. കാഞ്ഞങ്ങാട്ടു നിന്ന് പുത്തൂരിലേക്കു പോയ യാത്രക്കാരാണ് വാഹനത്തിലുണ്ടായിരുന്നത്. ഗൂഗിൾ മാപ്പ് നോക്കി എത്തിയിരുന്ന ഇവർ പള്ളഞ്ചി പുഴയുടെ മുകളിലെത്തിയപ്പോൾ കൈവരിയില്ലാത്ത പാലത്തിൽ നിന്ന് വീഴുകയായിരുന്നു.

കാറിൽ നിന്നും പുറത്തിറങ്ങിയപ്പോൾ ഒഴുക്കിൽപ്പെട്ട ഇരുവരും വെള്ളത്തിലെ മരത്തിൽ പിടിച്ച് നിൽക്കുകയായിരുന്നു. തുടർന്ന് നാട്ടുകാർ വിവരമറിയച്ചതിനെ തുടർന്ന് ഫയർ ഫോഴ്സ് സംഘമെത്തി ഇവരെ കയർ ഉപയോഗിച്ച് സുരക്ഷിതമായി കരക്കെത്തിച്ചു.

കനത്ത മഴയിൽ ശക്തമായ കുത്തൊഴുക്കായിരുന്നു പുഴയിൽ. വെള്ളത്തിൽ വീണ കാറിൽ നിന്ന് പെട്ടെന്ന് പുറത്തിറങ്ങാനായതും മരക്കൊമ്പിൽ പിടികിട്ടിയതും ഇരുവർക്കും രക്ഷയായി.

# അപ്പർ കുട്ടനാട്ടിൽ ജലനിരപ്പ് ഉയർന്നു, വീടുകളിൽ വെള്ളം കയറി

ആലപ്പുഴ: കനത്തമഴയും കിഴക്കൻ വെള്ളത്തിൻറെ വരവും വർധിച്ചതോടെ അപ്പർ കുട്ടനാട്ടിൽ ജലനിരപ്പ് ഉയർന്നു. തലവടി പഞ്ചായത്തിലെ നിരവധി വീടുകളിൽ വെള്ളം കയറി. മൂന്ന് ദിവസമായി പെയ്യുന്ന കനത്ത മഴയിൽ നിരണം, തലവടി, എടത്വാ, തകഴി, വീയപുരം എന്നീ പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളും വെള്ളത്തിൽ മുങ്ങിയിട്ടുണ്ട്. മുട്ടാർ പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിലായതോടെ ജനജീവിതം ദുസ്സഹമായി. പമ്പാ നദിയിലും മണിമലയാറ്റിലും ജലനിരപ്പ് ക്രമാതീതമായി ഉയരുകയാണ്. തലവടി, മുട്ടാർ പ്രദേശത്തെ നദികളും തോടുകളും കരകവിഞ്ഞ് ഒഴുകുകയാണ്. മഴ നീണ്ടുനിന്നാൽ തലവടിയിലെ ഒട്ടുമിക്ക വീടുകളും വെള്ളത്തിൽ മുങ്ങും.

# വിദ്യാർഥികളുടെ യാത്രാനിരക്ക് ഉടൻ വർധിപ്പിക്കണം: സ്വകാര്യ ബസുടമകൾ

പാലക്കാട്: വിദ്യാർഥികളുടെ യാത്രാ നിരക്ക് വർധിപ്പിച്ചില്ലെങ്കിൽ ബസ് ഓട്ടം നിർത്തി വെക്കേണ്ടിവരുമെന്ന് ബസുടമകളുടെ സംഘടനയായ ഓൾ കേരള ബസ് ഓപ്പറേറ്റേഴ്സ് ഓർഗനൈസേഷൻ സംസ്ഥാന പ്രതിനിധി യോഗം തീരുമാനിച്ചു. ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻറെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ യാത്രാനിരക്ക് വർധനവ് എന്ന് പറഞ്ഞിരുന്നുവെങ്കിലും നിലവിൽ സർക്കാരിൻറെ ഭാഗത്ത് നിന്നും യാതൊരു തീരുമാനവും ഉണ്ടാകാത്തതിനെ തുടർന്നാണ് സ്വകാര്യ ബസുടമകൾ സമരത്തിനിറങ്ങുന്നത്.യോഗത്തിൽ ജനറൽ സെക്രട്ടറി ടി. ഗോപിനാഥൻ മുഖ്യപ്രഭാഷണം നടത്തി. 140 കിലോമീറ്ററിൽ അധികം വരുന്ന സ്വകാര്യ ബസുകളുടെ പെർമിറ്റുകൾ കെഎസ്ആർടിസിക്ക് വേണ്ടി സർക്കാർ ഏറ്റെടുക്കുകയും ലിമിറ്റഡ് സ്റ്റോപ്പ് പെർമിറ്റുകൾ നിർത്തലാക്കുകയും ചെയ്തത് സ്വകാര്യ ബസുടമകൾക്ക് വലിയ സാന്പത്തിക നഷ്ടം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണെന്ന് യോഗം കുറ്റപ്പെടുത്തി. പാലക്കാട് ബസ്ഭവനിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡൻറ് പി. കെ. മൂസ അധ്യക്ഷ വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ടി. ഗോപിനാഥൻ, വൈസ് പ്രസിഡൻറുമാരായ വിദ്യാധരൻ, പി. കെ. പവിത്രൻ, ശ്രീകുമാർ, ജോയിൻറ് സെക്രട്ടറിമാരായ ജോയ് ചെട്ടിശേരി, രാധാകൃഷ്ണൻ, കെ. എസ്. രാജൻ, ട്രഷറർ വി. എസ്. പ്രദീപ് തുടങ്ങിയവർ പ്രസംഗിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ജെൻ എഐ കോൺക്ലേവ്: സ്റ്റാർട്ടപ്പ് ഹാക്കത്തോണിന് തുടക്കമായി

## ജൂലൈ 11, 12 തീയതികളിൽ നടക്കുന്ന സമ്മേളനത്തിനു മുന്നോടിയായി പങ്കാളികളുമായി മന്ത്രി പി രാജീവ് സംവദിച്ചു

തിരുവനന്തപുരം: കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപ്പറേഷനും (കെഎസ്ഐഡിസി) ഐബിഎമ്മും സംയുക്തമായി അടുത്ത മാസം കൊച്ചിയിൽ സംഘടിപ്പിക്കുന്ന ഇൻറർനാഷണൽ ജനറേറ്റീവ് എഐ കോൺക്ലേവിനു മുന്നോടിയായി സ്റ്റാർട്ടപ്പുകൾക്കായുള്ള ഹാക്കത്തോൺ ആരംഭിച്ചു. 'ഐബിഎം വാട്സൺ എക്സ് ചലഞ്ച്' എന്ന വെർച്വൽ ഹാക്കത്തോണിൽ കേരള സ്റ്റാർട്ടപ്പ് മിഷനും (കെഎസ് യുഎം) പങ്കാളികളാണ്.

മത്സരത്തിൽ പങ്കെടുക്കുന്ന എഐ അധിഷ്ഠിത സ്റ്റാർട്ടപ്പുകൾ അവരുടെ നൂതന ആശയങ്ങൾ വാട്സൺഎക്സ് പ്ലാറ്റ് ഫോമിൽ അവതരിപ്പിക്കും. ഐബിഎമ്മുമായി സഹകരിച്ച് ജൂലൈ 11, 12 തീയതികളിൽ കൊച്ചിയിലാണ് ദ്വിദിന അന്താരാഷ്ട്ര ജനറേറ്റീവ് എഐ കോൺക്ലേവ് നടക്കുന്നത്.

ഹാക്കത്തോണിലെ വിജയികൾക്ക് വ്യവസ്ഥകൾക്കനുസൃതമായി കെഎസ്ഐഡിസിയിൽ നിന്ന് ഒരു കോടി രൂപ വരെ സ്കെയിൽ അപ് ഫണ്ട് ലഭിക്കുമെന്ന് ചടങ്ങിൽ സംസാരിച്ച വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി പി രാജീവ് അറിയിച്ചു. വ്യവസായ വകുപ്പ് കണ്ടെത്തിയ 22 മുൻഗണനാ മേഖലകളിൽ ഒന്നാണ് എഐ എന്നും കേരളത്തെ എഐയുടെ പ്രധാന കേന്ദ്രമാക്കി മാറ്റാൻ ലക്ഷ്യമിടുന്ന സംരംഭമാണ് ജെൻ എഐ കോൺക്ലേവെന്നും മന്ത്രി പറഞ്ഞു. പതിനഞ്ചു വർഷത്തിനുള്ളിൽ സംസ്ഥാനം ഹൈടെക് നിർമ്മാതാക്കളുടെ ഹബ്ബായി മാറുമെന്നും അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

കൊച്ചി ബോൾഗാട്ടിയിലെ ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇൻറർനാഷണൽ കൺവെൻഷൻ സെൻററിൽ ജൂലൈ 11, 12 തീയതികളിലാണ് അന്താരാഷ്ട്ര ജനറേറ്റീവ് എഐ കോൺക്ലേവ് നടക്കുന്നത്. മുഖ്യമന്ത്രി, മന്ത്രിമാർ, ഐബിഎം അംഗങ്ങൾ, വ്യവസായടെക്നോളജി പ്രമുഖർ, നയരൂപകർത്താക്കൾ, ഇന്നൊവേറ്റർമാർ തുടങ്ങിയവർ എഐയുടെ ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്കിടും.

ജെൻ എഐ കോൺക്ലേവ് ആഗോളതലത്തിൽ സംസ്ഥാനത്തിൻറെ എഐ സാധ്യതകൾ തുറന്നു കാട്ടുന്നതിനും ഈ മേഖലയിലെ പങ്കാളികളുമായുള്ള സഹകരണത്തിനും വലിയ സാധ്യതകൾ വാഗ്ദാനം ചെയ്യുന്നുവെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് പറഞ്ഞു.

ഇലക്ട്രോണിക്സ് ഐടി സെക്രട്ടറി ഡോ. രത്തൻ യു ഖേൽക്കർ, ഐ ആൻഡ് പിആർഡി സെക്രട്ടറിയും കെഎസ്ഐഡിസി മാനേജിംഗ് ഡയറക്ടറും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുമായ എസ്. ഹരികിഷോർ, കെഎസ് യുഎം സിഇഒ അനൂപ് അംബിക, ഐബിഎം പ്രതിനിധി ചാർളി എന്നിവരും പങ്കെടുത്തു.

ഐബിഎം വാട്സൺ എക്സ് ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് ക്രിയേറ്റീവ് സൊല്യൂഷൻ സമർപ്പിക്കുന്ന മികച്ച ടീമിന് പുരസ്കാരത്തിനു പുറമേ ജെൻ എഐ കോൺക്ലേവിൽ പങ്കെടുക്കാനും ആശയം അവതരിപ്പിക്കാനുള്ള അവസരം ലഭിക്കും. കൂടുതൽ വിവരങ്ങൾക്കും കോൺക്ലേവിൽ രജിസ്റ്റർ ചെയ്യുന്നതിനും: https://www.ibm.com/in-en/events/gen-ai-conclave



*ഇൻറർനാഷണൽ ജനറേറ്റീവ് എഐ കോൺക്ലേവിനു മുന്നോടിയായി സ്റ്റാർട്ടപ്പുകൾക്കായുള്ള ഹാക്കത്തോണിന്റെ ഉദ്ഘാടന വേളയിൽ വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി പി രാജീവ് ഉദ്യോഗസ്ഥരുമായി സംവദിക്കുന്നു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, ഇലക്ട്രോണിക്സ് ഐടി സെക്രട്ടറി ഡോ. രത്തൻ യു ഖേൽക്കർ, ഐ ആൻഡ് പിആർഡി സെക്രട്ടറിയും കെഎസ്ഐഡിസി മാനേജിംഗ് ഡയറക്ടറും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുമായ എസ്. ഹരികിഷോർ,കെഎസ് യുഎം സിഇഒ അനൂപ് അംബിക, ഐബിഎം പ്രതിനിധി ചാർളി തുടങ്ങിയവർ സമീപം.*

# പ്ലസ് വൺ സ്പോർട്ട്സ് ക്വാട്ട സപ്ലിമെൻററി അലോട്ട്മെൻറ്

പ്ലസ് വൺ ഏകജാലക പ്രവേശനത്തിൻ്റെ സ്പോർട്ട്സ് ക്വാട്ട സപ്ലിമെൻ്ററി അലോട്ട്മെൻ്റ് റിസൾട്ട് ജൂൺ 28 ന് രാവിലെ 10 മണിമുതൽ പ്രവേശനം സാധ്യമാകും വിധം പ്രസിദ്ധീകരിക്കുമെന്ന് പൊതുവിദ്യാഭ്യാസ ജോയിൻ്റ് ഡയറക്ടർ അറിയിച്ചു. കാൻഡിഡേറ്റ് ലോഗിനിലെ Sports Supplymentary Results എന്ന ലിങ്കിലൂടെ അലോട്ട്മെൻ്റ് റിസൾട്ട് പരിശോധിക്കാം. അലോട്ട്മെൻ്റ് ലഭിച്ചവർ പ്രസ്തുത പേജിൽ നിന്നും അലോട്ട്മെൻ്റ് ലെറ്റർ എടുക്കുന്ന ലിങ്കിലൂടെ രണ്ട് പേജുള്ള അലോട്ട്മെൻ്റ് ലെറ്റർ പരിശോധിച്ച് പ്രവേശനത്തിന് ഹാജരാകേണ്ട ദിവസവും സ്കൂളും/ കോഴ്സും കൃത്യമായി മനസിലാക്കണം. അലോട്ട്മെൻ്റ് ലെറ്റർ, അലോട്ട്മെൻ്റ് ലഭിച്ച സ്കൂളിൽ നിന്നും പ്രവേശന സമയത്ത് പ്രിൻ്റ് എടുത്ത് നൽകുന്നതാണ്. അലോട്ട്മെൻ്റ് ലഭിച്ച വിദ്യാർഥികൾ സ്ഥിരപ്രവേശനം നേടണം. അലോട്ട്മെൻ്റ് ലെറ്ററിൽ രേഖപ്പെടുത്തിയ ഫീസ് മാത്രമേ അടയ്ക്കേണ്ടതുള്ളു. അലോട്ട്മെൻ്റ് ലഭിക്കുന്ന വിദ്യാർഥികളെല്ലാം രക്ഷിതാവിനോടൊപ്പം ജൂലൈ ഒന്നിന് വൈകിട്ട് നാല് മണിക്ക് മുമ്പ് തന്നെ പ്രവേശനത്തിന് ഹാജരാകണമെന്നും സ്പോർട്സ് ക്വാട്ടയിലെ അവസാന അലോട്ട്മെൻ്റാണിതെന്നും ജോയിൻ്റ് ഡയറക്ടർ അറിയിച്ചു.

# വാട്ടർ ഷെഡ് മാനേജ്മെൻ്റ് ഡിപ്ലോമ കോഴ്സ്

മണ്ണു പര്യവേഷണ മണ്ണുസംരക്ഷണ വകുപ്പിൻ്റെ സംസ്ഥാനതല പരിശീലന സ്ഥാപനമായ ചടയമംഗലം നീർത്തട വികസന പരിശീലന കേന്ദ്രത്തിൽ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ (ഇഗ്നോ) 2024 വർഷത്തെ വാട്ടർഷെഡ് മാനേജ്മെൻ്റ് ഒരു വർഷ ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അടിസ്ഥാന യോഗ്യത പ്ലസ് ടു/ തത്തുല്യ യോഗ്യത അല്ലെങ്കിൽ ബി.പി.പി. 10,600 രൂപയാണ് കോഴ്സ് ഫീസ്. അപേക്ഷകൾ വേു:// ०००.ശഴിീഹ.മര.ശി എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. സംസ്ഥാന നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രം, ചടയമംഗലം, കൊല്ലം ജില്ല, ഫോൺ: 9446446632, 9567305895. മണ്ണു പര്യവേഷണ മണ്ണുസംരക്ഷണ ഡയറക്ടറേറ്റ്, തിരുവനന്തപുരം, ഫോൺ: 0471 2339899.

# പാർട്ടിക്കെതിരെ എന്തും വിളിച്ചുപറയാൻ പറ്റില്ലെന്ന് ആകാശ് തില്ലങ്കേരി; കൂടുതൽ പറയിപ്പിക്കരുതെന്ന് മനു

കണ്ണൂർ: സിപിഎം ജില്ലാ കമ്മിറ്റിയിൽ നിന്ന് ഒഴിവാക്കിയ മനു തോമസിനെതിരേ ഭീഷണിയുമായി ഷുഹൈബ് വധക്കേസ് പ്രതി ആകാശ് തില്ലങ്കേരി. പി. ജയരാജനെതിരെ ആരോപണങ്ങൾ ഉന്നയിച്ച് മനു രംഗത്ത് വന്നതിന് തൊട്ടുപിന്നാലെയാണ് ഫേസ്ബുക്കിലൂടെ ആകാശിൻറെ ഭീഷണിയെത്തിയത്.

പാർട്ടിക്കെതിരെ എന്തും വിളിച്ചുപറയാൻ പറ്റില്ലെന്ന് ബോധ്യപ്പെടുത്താൻ വലിയ സമയം വേണ്ടെന്നും കൂടെയുള്ളവർക്കും മാധ്യമങ്ങൾക്കും സംരക്ഷിക്കാൻ കഴിഞ്ഞെന്നു വരില്ലെന്നുമാണ് ആകാശ് തില്ലങ്കേരി ഫേസ്ബുക്കിൽ എഴുതിയത്. റെഡ് ആർമി എന്ന ഫേസ്ബുക്ക് ഗ്രൂപ്പിൽ വന്ന ഒരു പോസ്റ്റിന് താഴെയിട്ട കമൻറിലാണ് ആകാശിൻറെ പ്രതികരണം.

അതേസമയം, കൂടുതൽ പറയിപ്പിക്കരുതെന്നും ഈ പ്രതിരോധം ആർക്കുവേണ്ടിയെന്ന് കൃത്യമായ ബോധ്യമുണ്ടെന്നും മനു തോമസ് ആകാശ് തില്ലങ്കേരിക്ക് മറുപടിയായി പോസ്റ്റ് ചെയ്തു. പി ജയരാജനെ സംവാദത്തിന് ക്ഷണിച്ചപ്പോൾ കൊലവിളിയുമായി എത്തിയത് ക്വട്ടേഷൻസ്വർണം പൊട്ടിക്കൽ മാഫിയ സംഘത്തലവന്മാരാണെന്നും മനു തോമസ് വിമർശിച്ചു.

'ഭീഷണിപ്പെടുത്താൻ ആരെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് മറുപടി പറയേണ്ട ബാധ്യത സിപിഎം നേതൃത്വത്തിനാണ്. കൊലവിളി നടത്തിയ സംഘത്തലവന്മാരോട്, നിങ്ങൾ പറയുന്ന ഈ പ്രതിരോധം ആർക്ക് വേണ്ടിയാണ് എന്തിനാണെന്നും കൃത്യമായ ബോധ്യമുണ്ട്. കൂടുതൽ പറയിപ്പിക്കരുത്. ജനിച്ചാൽ ഒരിക്കൽ മരിക്കണം. അത് നട്ടെല്ല് നിവർത്തി നിന്ന് സമരം ചെയ്യുന്നതിനിടെ ആയിരിക്കണം, ഒറ്റയ്ക്കായാലും സംഘടനയിൽ നിന്നുകൊണ്ടായാലും. ആരാൻറെ കണ്ണീരും സ്വപ്നവും തകർത്ത് കിട്ടുന്ന സന്തോഷത്തിലോ, ക്വട്ടേഷൻ മാഫിയ സ്വർണപ്പണത്തിൻറെ തിളക്കത്തിലോ, ഡിവൈൻ കമ്മ്യൂണിസ്റ്റ് ഫാൻസ് പരിവേഷത്തിലോ അഭിരമിക്കുന്നവർക്ക് അത് അറിയണമെന്നില്ല. കൊല്ലാനാകും, പക്ഷെ നാളെയുടെ നാവുകൾ നിശബ്ദമായിരിക്കില്ല. അതുകൊണ്ട് തെല്ലും ഭയവുമില്ല', പോസ്റ്റിൽ മനു തോമസ് പറയുന്നു.

# പകർച്ചവ്യാധി പ്രതിരോധം: ജൂലൈ മാസത്തേക്ക് പ്രത്യേക ആക്ഷൻ പ്ലാനുമായി ആരോഗ്യ വകുപ്പ്

## ചത്ത് കിടക്കുന്ന പക്ഷികളെയും മൃഗങ്ങളെയും കൈ കൊണ്ട് എടുക്കരുത്

## സ്റ്റേറ്റ് ആർആർടി യോഗം സംസ്ഥാനത്തെ സ്ഥിതി വിലയിരുത്തി

പകർച്ചവ്യാധി പ്രതിരോധത്തിൻ്റെ ഭാഗമായി ജൂലൈ മാസത്തേക്ക് ആരോഗ്യ വകുപ്പ് പ്രത്യേക ആക്ഷൻ പ്ലാൻ രൂപീകരിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. പകർച്ച വ്യാധി പ്രതിരോധത്തിനും മികച്ച ചികിത്സ ഉറപ്പ് വരുത്തുന്നതിനുമാണ് ആക്ഷൻ പ്ലാൻ രൂപീകരിക്കുന്നത്. സംസ്ഥാനത്ത് മഴ തുടരുന്ന സാഹചര്യത്തിൽ പകർച്ച വ്യാധികൾക്കെതിരെ അതീവ ജാഗ്രത പാലിക്കണം. ജലദോഷം, വൈറൽ പനികൾ, ഡെങ്കിപ്പനി, എലിപ്പനി, ഇൻഫ്ളുവൻസ എച്ച്.1 എൻ.1, വയറിളക്ക രോഗങ്ങൾ എന്നിവയാണ് കൂടുതൽ കാണുന്നത്. കുട്ടികളിലെ പനി ശ്രദ്ധിക്കണം. അസുഖമുള്ള കുട്ടികളെ സ്കൂളിൽ അയയ്ക്കരുത്. കൃത്യമായ ചികിത്സയും വിശ്രമവും ഉറപ്പാക്കണം. സ്വയംചികിത്സ പാടില്ല. നീണ്ടു നിൽക്കുന്ന പനിയോ അപായ സൂചനകളായ പനിയോട് കൂടിയ ശ്വാസതടസ്സം, അമിത നെഞ്ചിടിപ്പ്, നെഞ്ച് വേദന, ബോധമില്ലാതെ സംസാരിക്കുക, ബോധക്ഷയം, കഫത്തിൽ രക്തത്തിൻ്റെ അംശം, അമിത ക്ഷീണം എന്നിവ ഉണ്ടെങ്കിൽ വിദഗ്ധ ചികിത്സ തേടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർആർടി) യോഗം ചേർന്ന് സംസ്ഥാനത്തെ പൊതുസാഹചര്യം വിലയിരുത്തി. പക്ഷിപ്പനിയ്ക്കെതിരെ ജാഗ്രത പാലിക്കണം. ചത്ത മൃഗങ്ങളെയും പക്ഷികളെയും സുരക്ഷാ മുൻകരുതലുകളില്ലാതെ കൈ കൊണ്ടെടുക്കരുത്. ആരോഗ്യവകുപ്പ് മൃഗസംരക്ഷണ വകുപ്പുമായി യോഗം ചേർന്നിരുന്നു. രണ്ടര ലക്ഷത്തോളം വൺ ഹെൽത്ത് കമ്മ്യൂണിറ്റി വോളന്റിയർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. വളർത്തു മൃഗങ്ങളെയും പക്ഷികളെയും വളർത്തുന്നവർ പ്രത്യേകം ശ്രദ്ധിക്കണം. ചത്ത പക്ഷികളെയോ മൃഗങ്ങളെയോ കൈകാര്യം ചെയ്തവർക്ക് എന്തെങ്കിലും രോഗ ലക്ഷണങ്ങളുണ്ടെങ്കിൽ ഉടൻ തന്നെ ആരോഗ്യ പ്രവർത്തകരെ വിവരം അറിയിക്കേണ്ടതാണ്.

മാസ്ക്, സാമൂഹിക അകലം, കൈകളുടെ ശുചിത്വം തുടങ്ങിയ വ്യക്തിഗത സുരക്ഷാ മാർഗങ്ങളിലൂടെ ഇൻഫ്ളുവൻസ, ജലദോഷം, ചുമ എന്നിവയെ പ്രതിരോധിക്കാനാകും. എച്ച്.1 എൻ.1 കേസുകൾ കൂടുന്നതിനാൽ ഇത് പാലിക്കേണ്ടത് വളരെ പ്രധാനമാണ്. ആശുപത്രി സന്ദർശകർ നിർബന്ധമായും മാസ്ക് വയ്ക്കണം. രോഗികളല്ലാത്തവർ പരമാവധി ആശുപത്രി സന്ദർശനം ഒഴിവാക്കണം. ജലദോഷമുള്ളവർ മാസ്ക് ധരിക്കുന്നതാണ് അഭികാമ്യം. ഗർഭിണികൾ, അനുബന്ധ രോഗമുള്ളവർ, പ്രായമായവർ എന്നിവർ മാസ്ക് ഉപയോഗിക്കണം.

എലിപ്പനിയ്ക്കെതിരെ ജാഗ്രത പുലർത്തണം. മലിനജലവുമായുള്ള സമ്പർക്കം പരമാവധി ഒഴിവാക്കണം. കൈകാലുകളിൽ മുറിവുകളുള്ളവർ മലിനജലവുമായി സമ്പർക്കം വരാതെ നോക്കുകയോ, വ്യക്തിഗത സുരക്ഷാ മാർഗങ്ങൾ സ്വീകരിക്കുകയോ ചെയ്യണം. മണ്ണ്, ജലം എന്നിവയുമായി ബന്ധപ്പെട്ട തൊഴിലെടുക്കുന്നവർ ബൂട്ട്, ഗ്ലൗസ് തുടങ്ങിയ സുരക്ഷാ മുൻകരുതലുകളെടുക്കണം. മലിന ജലത്തിലിറങ്ങിയവർ എലിപ്പനിക്കെതിരെയുള്ള പ്രതിരോധ ഗുളിക ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം നിർബന്ധമായും കഴിക്കേണ്ടതാണ്.

അമീബിക്ക് മെനിഞ്ചോഎൻസെഫലൈറ്റിസിനെതിരെ ജാഗ്രത പാലിക്കണം. കേരളത്തിൽ ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുളിക്കുന്നതും വെള്ളത്തിൽ ഡൈവ് ചെയ്യുന്നതും പരമാവധി ഒഴിവാക്കണം. വാട്ടർ തീം പാർക്കുകളിലെയും സ്വിമ്മിംഗ് പൂളുകളിലെയും വെള്ളം കൃത്യമായി ക്ലോറിനേറ്റ് ചെയ്ത് ശുദ്ധമാണെന്ന് ഉറപ്പാക്കണം.

ആരോഗ്യ സംവിധാനം സജ്ജമായിരിക്കണം. ജില്ലാ മെഡിക്കൽ ഓഫീസർമാർ ജില്ലകളുടെ മാപ്പിംഗ് നടത്തി ഇടപെടൽ നടത്തണം. ജീവനക്കാരുടെ എണ്ണവും ലാബ് സൗകര്യവും ഉറപ്പാക്കണം. സ്വകാര്യ ആശുപത്രികൾ കേസുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യണം. ഡെങ്കി കേസുകൾ എത്രയും നേരത്തെ കണ്ടെത്തി ചികിത്സിക്കണം. ആശുപത്രികൾ പ്രോട്ടോകോളുകൾ കൃത്യമായി പാലിക്കണം. ആശുപത്രികളിൽ മരുന്നിൻ്റെ ലഭ്യത ഉറപ്പാക്കണം. ക്യാമ്പുകളും പ്രത്യേകം ശ്രദ്ധിക്കണം.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ, കെ.എം.എസ്.സി.എൽ. ജനറൽ മാനേജർ, ആർ.ആർ.ടി. അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# സംസ്ഥാനത്തെ മ്യൂസിയങ്ങളെക്കുറിച്ച് പഠിക്കാൻ കമ്മീഷൻ രൂപീകരിക്കും:മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി

## മ്യൂസിയങ്ങളെ ജനകീയമാക്കാൻ സൗഹൃദസമിതികൾ

സംസ്ഥാനത്തെ വ്യത്യസ്ഥങ്ങളായ മ്യൂസിയങ്ങളെ അവലോകനം ചെയ്യാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും മ്യൂസിയം കമ്മീഷൻ രൂപീകരിക്കുമെന്ന് രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു, പുരാരേഖാ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. നിയമസഭയിൽ വകുപ്പിനെക്കുറിച്ചുള്ള ധനാഭ്യർത്ഥന ചർച്ചക്ക് മറുപടി പറയുകയായിരുന്നു മന്ത്രി.

കഴിഞ്ഞ എട്ടു വർഷത്തിനിടെ സംസ്ഥാനത്ത് ഒട്ടേറെ പുതിയ മ്യൂസിയങ്ങൾ സ്ഥാപിക്കുകയും നിലവിലുള്ള മ്യൂസിയങ്ങളെല്ലാം അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി സംസ്ഥാനത്ത് ഒരു മ്യൂസിയം ശൃംഖല തന്നെ രൂപപ്പെട്ടു വരുന്നുണ്ട്. ഈ പശ്ചാത്തലത്തിലാണ് പ്രകടന പത്രികയിലെ വാഗ്ദാനമായ മ്യൂസിയം കമ്മീഷൻ രൂപവത്കരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.തീമാറ്റിക്ക് അഥവാ കഥ പറയുന്ന മ്യൂസിയങ്ങൾ എന്നതാണ് ആധുനിക മ്യൂസിയം സങ്കല്പം. ഇതനുസരിച്ചാണ് സംസ്ഥാനത്തെ മ്യൂസിയം ഗാലറികൾ സജ്ജീകരിച്ചു വരുന്നത്. മ്യൂസിയങ്ങളെ കൂടുതൽ ജനകീയവും ജന സൗഹൃദവുമാക്കാൻ പ്രാദേശിക തലത്തിൽ എല്ലാ മ്യൂസിയങ്ങളിലും മ്യൂസിയം സൗഹൃദസമിതികൾ രൂപീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

# വിമുക്തഭടന്മാരുടെ പെൺമക്കൾക്ക് നഴ്സിംഗ് കോഴ്സ്

ആരോഗ്യവകുപ്പിന് കീഴിലുള്ള വിവിധ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സ്കൂളുകളിലെ ഓക്സിലറി നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സ് പരിശീലനത്തിന് പ്ലസ്ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായ വിമുക്തഭടന്മാരുടെ ആശ്രിതരായ പെൺകുട്ടികൾക്ക് അപേക്ഷിക്കാം. ഓരോ സ്കൂളിലും ഒരു സീറ്റ് വിതമാണ് സംവരണം ചെയ്തിട്ടുള്ളത്. തിരുവനന്തപുരം തൈക്കാട് ജെ.പി.എച്ച്.എൻ ട്രെയിനിംഗ് സെൻ്റർ, കോട്ടയം തലയോലപ്പറമ്പ് ജെ.പി.എച്ച്.എൻ ട്രെയിനിംഗ് സെൻ്റർ, പാലക്കാട് പെരിങ്ങോട്ടുകുറിശ്ശി ജെ.പി.എച്ച്.എൻ ട്രെയിനിംഗ് സെൻ്റർ, കാസർകോട് ജെ.പി.എച്ച്.എൻ ട്രെയിനിംഗ് സെൻ്റർ എന്നിവിടങ്ങളിലാണ് ഒഴിവ്. അപേക്ഷ ഫോമും പ്രൊസ്പെക്ടസും വേേു://റവെ.സലൃമഹമ.ഴീ.ശി ൽ ലഭ്യമാണ്. ഒറിജിനൽ അപേക്ഷയും പ്രോസ്പെക്ടസിൽ ആവശ്യപ്പെട്ട സർട്ടിഫിക്കറ്റുകളും ബന്ധപ്പെട്ട നഴ്സിംഗ് സെൻ്റർ പ്രിൻസിപ്പലിന് ജൂലൈ ആറിനകം അയയ്ക്കണം. ഇതിൻ്റെ പകർപ്പ്, വിമുക്തഭട തിരിച്ചറിയൽ കാർഡ്, ബന്ധപ്പെട്ട ജില്ലാ സൈനികക്ഷേമ ഓഫീസറിൽ നിന്നും ലഭിച്ച ആശ്രിത സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സൈനികക്ഷേമ ഡയറക്ടർ, സൈനിക ക്ഷേമ ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം 695033 എന്ന മേൽവിലാസത്തിൽ ജൂലൈ എട്ടിന് വൈകുന്നേരം അഞ്ചു മണിക്കു മുമ്പ് ലഭിക്കണം.

# സൗജന്യ ദ്വിവത്സര സ്റ്റെനോഗ്രാഫി കോഴ്സ്

ആലുവ സബ് ജയിൽ റോഡിൽ സ്ഥിതി ചെയ്യുന്ന ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെൻ്ററിൽ കെ ജി ടി ഇ ടൈപ്പ് റൈറ്റിംഗ്, ഷോർട്ട് ഹാൻഡ്, കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് (ഇംഗ്ലീഷ്, മലയാളം ലോവർ, ഹയർ) എന്നീ വിഷയങ്ങളടങ്ങിയ ദ്വിവത്സര സ്റ്റെനോഗ്രാഫി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ആലപ്പുഴ, എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകളിലെ പ്ലസ്ടു / തത്തുല്യ പരീക്ഷ പാസായ 18നും 35നും മധ്യേ പ്രായമുള്ള പട്ടികജാതി / പട്ടികവർഗ ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം. അപേക്ഷകർ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം ജൂലൈ 12 ന് മുൻപ് ഓഫീസിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കണം. അപേക്ഷാ ഫോമിൻ്റെ മാതൃക ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും ലഭ്യമാണ്. വിശദവിവരങ്ങൾക്ക് ഫോൺ : 0484 2623304.

# വരുന്നു 100 കൂൺ ഗ്രാമങ്ങൾ: സംസ്ഥാന തല ഉദ്ഘാടനം 28ന്

കൃഷി വകുപ്പ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന കൂൺ കൃഷി പ്രോത്സാഹിപ്പിക്കുന്നതിയി ഉൽപ്പാദനം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകി നടപ്പിലാക്കുന്ന കൂൺ ഗ്രാമം പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം ജൂൺ 28നു വൈകിട്ട് മൂന്നിന് കൊല്ലം ഏരൂരിലെ ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡ്, പാം വ്യൂ കൺവെൻഷൻ സെൻ്ററിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും.

പി.എസ്. സുപാൽ എം.എൽ.എ അധ്യക്ഷത വഹിക്കും. കൂൺ കൃഷിയിൽ മാതൃകാപരമായ നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനത്തെ മികച്ച കർഷകരെ മൃഗ സംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ചടങ്ങിൽ ആദരിക്കും.കാർഷികമേഖലയിൽ സ്ത്രീകൾക്കും യുവാക്കൾക്കും ഉൾപ്പെടെ സർക്കാർ സഹായത്തോടെ സംസ്ഥാന വ്യാപകമായി 100 കൂൺ ഗ്രാമങ്ങൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്.

100 ചെറുകിട കൂൺ ഉത്പാദന യൂണിറ്റുകൾക്ക് പുറമേ 2 വൻകിട കൂൺ ഉൽപ്പാദന യൂണിറ്റും, 1 കൂൺ വിത്തുത്പാദന യൂണിറ്റ്, 3 കൂൺ സംസ്കരണ യൂണിറ്റ്, 2 പാക്ക് ഹൗസ്, 10 കമ്പോസ്റ്റിംഗ് യൂണിറ്റ് എന്നിവ ചേർന്നതാണ് ഒരു സമഗ്ര കൂൺ ഗ്രാമം. പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ കർഷകർക്കായി സമഗ്രമായ പരിശീലന പരിപാടികളും നടപ്പിലാക്കും.ഉദ്ഘാടന പരിപാടിയോടനുബന്ധിച്ച് കാർഷിക സെമിനാറുകളും, കാർഷിക പ്രദർശന വിപണന മേളയും സംഘടിപ്പിക്കുന്നു. ജനപ്രതിനിധികളും, വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുക്കും.